# തിരുഹൃദയ മാസിക
(The Sacred Heart Monthly)

**Vol. 79**
**2014 April**

79
Years of
Publication



*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- പിതാക്കന്മാരുടെ ഡയറി

**Engagements**

Mar Mathew Moolakkatt

Mar Joseph Pandarasseril

- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- സമരിട്ടൻ റിസോഴ്സ് സെന്റർ പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- വിൻസന്റ് ഡി പോൾ
- കെ. സി. ഡബ്ല്യു. എ.
- കെ. സി. വൈ. എൽ.
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ വാർത്തകൾ
- വചനദർശനം
- വാർത്തകൾ



## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

**KCBC Circular**
**2 / 2014**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 03-03-2014

## 2014-ലെ പൊതു തിരഞ്ഞെടുപ്പിനൊരുക്കമായി കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരീസഹോദരന്മാരേ,

1. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതം ഒരിക്കൽ കൂടി പൊതുതിരഞ്ഞെടുപ്പിന് തയ്യാറാവുകയാണ്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളും മൂല്യങ്ങളും ഉറപ്പ് വരുത്താനുള്ള അവസരമാണ് തിരഞ്ഞെടുപ്പ്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയും നന്മയും പാർലിമെന്റിലേക്ക് നമ്മൾ തിരഞ്ഞെടുക്കുന്ന നേതാക്കളെ വളരെയേറെ ആശ്രയിച്ചിരിക്കുന്നു. രാജ്യത്തിന്റെ പരമാധികാരവും ജനാധിപത്യവും ഭരണഘടനയും സമഭാവനയിലൂന്നിയ മതേതരത്വവും ആത്മീയതയിൽ അടിയുറച്ച സംസ്കാരവും സംരക്ഷിക്കാൻ കെല്പുള്ള ശക്തമായ ഭരണമാണ് കേന്ദ്രത്തിൽ വേണ്ടത്. ഇതിനെല്ലാം ആധാരമായ ശക്തി നമ്മുടെ തന്നെ കരങ്ങളിലാണ് നിക്ഷിപ്തമായി രിക്കുന്നതെന്ന പൂർണ ബോധ്യത്തോടു കൂടി തിരഞ്ഞെടുപ്പിന് നാം തയ്യാറാകണം.

2. ഭാരത കത്തോലിക്കാമെത്രാൻസമിതി തങ്ങളുടെ അജപാലനലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നതുപോലെ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി കത്തോലിക്കാസഭ താദാത്മ്യപ്പെടുന്നില്ലെന്ന കാര്യം ഞങ്ങളും വ്യക്തമാക്കുന്നു. വോട്ടവകാശം വിവേകത്തോടും ശ്രദ്ധയോടും കൂടി വിനിയോഗിക്കാൻ ഓരോ പൗരനോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ ചരിത്രത്തെയും സംസ്കാരത്തെയും നമ്മുടെ രാജ്യത്തിന്റെ ഭാഗധേയത്തെയും സംബന്ധിച്ച കാര്യമാണത്. വോട്ടു ചെയ്യുക എന്നത് പൗരത്വപരമായ ദൗത്യമാണ്. വോട്ടർ പട്ടികയിൽ പേരുണ്ടെന്ന് ഓരോ പൗരനും ഉറപ്പുവരുത്തണം. വോട്ടവകാശം പാഴാക്കാതെ അതീവശ്രദ്ധയോടെ വിനിയോഗിക്കണം. വോട്ടു ചെയ്യുന്നതുവഴി രാഷ്ട്രനിർമ്മിതിയിലുള്ള നമ്മുടെ പങ്കാളിത്തമാണ് നാം പ്രഖ്യാപിക്കുന്നത്. ജനങ്ങളുടെ ഈ കടമയെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കാൻ എല്ലാ ഇടവക വൈദികരോടും ഞങ്ങൾ ആവശ്യപ്പെടുന്നു.

3. ഭരണഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കൊത്ത് രാഷ്ട്രഗതിയെ നയിക്കാനും മാർഗഭ്രംശമുണ്ടായാൽ അതിനെ തിരുത്താനുമുള്ള ശക്തി ജനങ്ങളിൽത്തന്നെയാണ് നിക്ഷിപ്തമായിരിക്കുന്നത്. നമ്മുടെ രാജ്യത്തെ ശക്തവും ശ്രേഷ്ഠവും സമ്പന്നവും നീതിനിഷ്ഠവുമാക്കാൻ ആവശ്യമായ കരുത്തും അർപ്പണബോധവും സ്വഭാവവൈശിഷ്ട്യവുമുള്ള സ്ഥാനാർത്ഥികളെ നാം തിരഞ്ഞെടുക്കണം. തീവ്രവാദം, ഭീകരപ്രവർത്തനങ്ങൾ, വർഗീയത തുടങ്ങിയവയെ ഫലപ്രദമായി നേരിടാനും ഭരണഘടനയുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കാനും മതേതര മൂല്യങ്ങൾ സംരക്ഷിക്കാനും എല്ലാവർക്കും നീതി ഉറപ്പാക്കാനും രാജ്യത്തെ സമഗ്രപുരോഗതിയിലേക്ക് നയിക്കാനും കഴിവുള്ള പാർട്ടികളെയും വ്യക്തികളെയും വിജയിപ്പിക്കണം. അഴിമതിയുടെ കറപുരളാത്തവരും മാനുഷിക-ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച വിശ്വാസമുള്ളവരും ആയിരിക്കണം തിരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വരവാദവും അക്രമരാഷ്ട്രീയവും മറ്റുള്ളവരുടെ മേൽ അടിച്ചേല്പിക്കുന്നവരാകരുത് അവർ; ദേശീയ താത്പര്യങ്ങളും ജനങ്ങളുടെ ക്ഷേമവും അവഗണിച്ച് വ്യക്തിതാത്പര്യങ്ങൾക്കും പാർട്ടിതാത്പര്യങ്ങൾക്കും വേണ്ടി മാത്രം പ്രവർത്തിക്കുന്നവരുമായിരിക്കരുത്. എല്ലാവരുടെയും അവകാശങ്ങൾ നീതിപൂർവ്വം സംരക്ഷിക്കാൻ തിരഞ്ഞെടുക്കപ്പെടുന്നവർ കടപ്പെട്ടിരിക്കുന്നു. നാം ജാഗ്രത പുലർത്തിയാലേ ഇത് സാധിക്കൂ. നിതാന്ത ജാഗ്രതയാണ് സ്വാതന്ത്ര്യത്തിനു കൊടുക്കേണ്ട വലിയ വില.

4. എല്ലാ മതങ്ങളെയും തുല്യമായി കാണുകയും ഭാഷ, മതന്യൂന പക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും മതേതരത്വം സംരക്ഷിക്കുകയും ചെയ്യുന്നവരാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. അടിസ്ഥാന മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക, പാർശ്വവത്ക രിക്കപ്പെട്ടവർ, ദരിദ്രർ, സ്ത്രീകൾ മുതലായവരുടെ ക്ഷേമം ഉറ പ്പുവരുത്തുക, ദളിത് ക്രൈസ്തവർക്ക് അതേ സാമൂഹിക വ്യവ സ്ഥിതിയിൽപ്പെട്ടവർക്കൊപ്പം തുല്യ സംവരണം ഏർപ്പെടു ത്തുക, ദുർബല വിഭാഗത്തിൽപ്പെടുന്ന എല്ലാ ജനങ്ങളെയും മുഖ്യധാരയിൽ എത്തിക്കുവാൻ ശ്രമിക്കുക തുടങ്ങിയ കാര്യങ്ങ ളിൽ താത്പര്യമുള്ളവരായിരിക്കണം നമ്മുടെ ജനപ്രതിനിധി കൾ. ഭാരതീയസംസ്കാരം ഉയർത്തിപ്പിടിക്കുന്ന ധാർമ്മിക, മാനുഷികമൂല്യങ്ങൾക്കു ക്ഷയം സംഭവിക്കുന്ന ഇന്നത്തെ സാഹ ചര്യത്തിൽ ഈശ്വരവിശ്വാസം, സത്യം, നീതി, സാഹോദര്യം, സമഭാവന, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ മുറുകെപ്പിടി ക്കുന്നവരുമായിരിക്കണം നമ്മുടെ ഭരണകർത്താക്കൾ. വിവാഹ ത്തിന്റെയും കുടുംബത്തിന്റെയും ജീവന്റെയും ഭദ്രതയും മൂല്യ ങ്ങളും സംരക്ഷിക്കുന്നതോടൊപ്പം ഗർഭ ഛിദ്രം, ദയാവധം തുടങ്ങിയ തിന്മകളെ ചെറുക്കുന്നവരുമായി രിക്കണം അവർ.

5. കേരളത്തിലെ തീരദേശജനതയുടെയും മലയോരങ്ങളിൽ ജീവിക്കുന്നവരുടെയും ആശങ്ക ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നവരെ തിരഞ്ഞെടുക്കാൻ നമുക്ക് സാധിക്കണം. പരിസ്ഥിതിസംരക്ഷണം ജീവിതത്തിന്റെ ഭാഗമായി കണ്ടു

പ്രവർത്തിക്കുന്നവരാണ് കത്തോലിക്കാവിശ്വാസികൾ. എന്നാൽ മനുഷ്യരെ അവഗണിച്ച് ഭൂമിയെയും സസ്യജന്തു ജീവജാലങ്ങളെയും സംരക്ഷിക്കാൻ പരിശ്രമിക്കുന്ന സമീപനങ്ങൾ തിരുത്താൻ കൂടി നമുക്ക് സാധിക്കണം. കടലോരത്തും മലയോരത്തും ജീവിക്കുന്ന ജനങ്ങളുടെ നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് അടിയന്തര വിഷയമായി നാം പരിഗണിക്കണം.

6. ഭാരതത്തിലെ കത്തോലിക്കാമെത്രാൻ സമിതി നിർദ്ദേശിക്കുന്നതുപോലെ, ജനങ്ങളുടെ ഉത്കണ്ഠകൾ മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുകയും ചെയ്യുന്ന നേതാക്കന്മാർ പൊതുതിരഞ്ഞെടുപ്പിലൂടെ പാർലിമെന്റിൽ എത്തുമെന്ന് ഞങ്ങൾ ഹൃദയപൂർവം പ്രത്യാശിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ താഴെകാണുന്ന കാര്യങ്ങൾ ചെയ്യുന്ന നേതാക്കളെയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്: (1) നമ്മുടെ രാഷ്ട്രത്തിന്റെ മതേതരസ്വഭാവം ഉയർത്തിപ്പിടിക്കുകയും സമൂഹങ്ങൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുകയും മതാന്തരസംവാദത്തിന്റെയും പരസ്പര ധാരണയുടെയും ചൈതന്യം വളർത്തുകയും ചെയ്യുന്നവർ. (2) സമൂഹത്തിലെ ന്യൂനപക്ഷങ്ങളെയും ദുർബലവിഭാഗത്തെയും പരിരക്ഷിക്കുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവരെ സമുദ്ധരിക്കുന്നതിന് യത്നിക്കുകയും ചെയ്യുന്നവർ. (3) ഗോത്രവർഗക്കാർക്ക് ഭൂമി, ജലം, വനങ്ങൾ എന്നിവയുടെ മേലുള്ള അധികാരം സംരക്ഷിക്കുകയും ദളിത്ക്രിസ്ത്യാനികൾക്ക് ഇതര ദളിതർക്കൊപ്പമുള്ള അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നവർ. (4) ദരിദ്രരെയും അധഃസ്ഥിതരെയും പ്രത്യേകമായി സഹായിക്കുന്ന ഒരു സാമ്പത്തിക സംവിധാനത്തിനുവേണ്ടി പ്രവർത്തിക്കുകയും അവരുടെ മഹത്ത്വം സംരക്ഷിക്കുകയും അവരെ രാഷ്ട്രനിർമ്മിതിയിൽ അവർക്ക് അവകാശപ്പെട്ട സ്ഥാനം ഏറ്റെടുക്കാൻ ശക്തരാക്കുകയും ചെയ്യുന്നവർ. (5) കേരളത്തിന്റെ തീരദേശങ്ങളിൽ ഭീതിയോടും ആശങ്കയോടും ജീവിക്കുന്ന ജനങ്ങളുടെ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളുടെ, പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്താൻ സാധിക്കുന്ന വ്യക്തികൾ. (6) പശ്ചിമഘട്ടത്തിൽ ആശങ്കയോടെ ജീവിക്കുന്ന സാധാരണക്കാരായ കൃഷിക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന വ്യക്തികൾ. (7) കേരളത്തിൽ വ്യാപകമാകുന്ന മദ്യപാനശീലം, മയക്കുമരുന്നിന്റെ ഉപയോഗം, സ്ത്രീകളോടും കുട്ടികളോടുമുള്ള വർധിച്ച അക്രമങ്ങൾ, വർധിച്ചുവരുന്ന ഭ്രൂണഹത്യകൾ, വർഗീയത എന്നിവയ്ക്കെതിരേ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്ന വ്യക്തികൾ.

7. പൊതുനന്മയ്ക്കുവേണ്ടി ഏറ്റവും നല്ലത് എന്താണെന്നു തിരിച്ചറിഞ്ഞ് അതിനുവേണ്ടി പ്രവർത്തിക്കുന്ന നല്ലൊരു ഗവൺമെന്റ് ഉണ്ടാകാൻ നമ്മൾ എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. ദൈവം തന്റെ പുത്രനെ അയച്ചത് നമുക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹ 10:10). മനുഷ്യന്റെ സമഗ്രവികസനത്തിനുവേണ്ടി നിലകൊള്ളുന്നവരാകണം ഭരണ കർത്താക്കൾ. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, കൂടുതൽ നല്ല ഇന്ത്യയ്ക്കുവേണ്ടി നമുക്കെല്ലാവർക്കും ഒരുമയോടെ അധ്വാനിക്കാം. എപ്പോഴും നമ്മെ നയിക്കാനും സംരക്ഷിക്കാനും കന്യകമാതാവായ മറിയത്തോടു നമുക്കു പ്രാർത്ഥിക്കാം. ദൈവം നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
പ്രസിഡന്റ്, കെസിബിസി

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

**Circular No: 147**
**Implementation of Council decisions**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 26-02-2014

പ്രിയ ബഹു. അച്ചാ, ദൈവജനമേ,

നമ്മുടെ അതിരൂപതയിലെ ഔദ്യോഗിക സമിതികളുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് താഴെപറയുന്ന തീരുമാനങ്ങൾ ഔദ്യോഗികമായി നൽകുന്നു.

(1) 2012 ജൂലൈ 18-ാം തീയതിയിലെ അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ ശുപാർശ പ്രകാരം ഇടവകകളിലെ പ്രധാന തിരുനാളുകളുടെ പ്രദക്ഷിണത്തിന് ബാന്റ് സെറ്റ്/വാദ്യമേളങ്ങൾ എന്നിവ 200 നു മേൽ കുടുംബങ്ങൾക്ക് രണ്ട് സെറ്റും അതിൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവകകൾക്ക് നാലു സെറ്റും വരെ പരിധി നിശ്ചയിച്ചു പുനഃക്രമീകരിക്കുന്നതിന് അനുവദിക്കുന്നു.

(2) ഇടവകയുടെ മുൻ കൊല്ലത്തെ വാർഷിക വരുമാനത്തിന്റെ നാലിലൊന്നോ അല്ലെങ്കിൽ 1,00,000 (ഒരുലക്ഷം) രൂപയോ ഇവയിൽ ഏതു തുകയാണോ കുറവ് അത് ചിലവിടുന്നതിന് പൊതുയോഗത്തിന് / പാരീഷ് കൗൺസിലിന് തീരുമാനമെടുക്കാവുന്നതാണ്.

(3) 06-01-2014 ലെ 144-ാം സർക്കുലർ പ്രകാരം അഭിവന്ദ്യ മാർ മാത്യു മാക്കീൽ പിതാവിന്റെ ചരമശതാബ്ദി ആഘോഷങ്ങളുടെ ചിലവിലേക്കായി ജനുവരി 19-ാം തീയതി നടത്തിയ സ്തോത്രകാഴ്ച എത്രയും വേഗം അതിരൂപത കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

(4) 2012 മെയ് 12-ാം തീയതിയിലെ പാസ്റ്ററൽ കൗൺസിൽ തീരുമാനമനുസരിച്ച് വിയാനിഹോമിൽ പുതുതായി പണിയാനിരിക്കുന്ന ബ്ലോക്കിന്റെ നിർമ്മാണ ചിലവുകൾക്കായി 2014 മുതൽ മൂന്നു കൊല്ലത്തേയ്ക്ക് ഇടവകകളിലെ വാർഷിക തിരട്ടിന്റെ 3% തിരട്ടിനൊപ്പം അതിരൂപത പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതാണ്.

ഈ തീരുമാനങ്ങളുമായി എല്ലാവരും സ്നേഹപൂർവ്വം സഹകരിക്കുമല്ലോ.

പ്രാർത്ഥനാശംസകളോടെ

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

**Circular No. 148**
**Vocation Day 2014**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

പ്രിയ ബഹു. അച്ചാ, പ്രിയപ്പെട്ട ദൈവജനമേ,

2014 മാർച്ച് മാസം 30-ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപത ദൈവവിളി ദിനമായി ആചരിക്കുകയാണ്. "ദൈവവിളി സത്യത്തിനു സാക്ഷ്യം വഹിക്കാൻ" ഇതാണ് ഈ വർഷത്തെ ദൈവവിളി ഞായറിന്റെ മുദ്രാവാക്യമായി പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ നമുക്ക് നൽകിയിരിക്കുന്നത്. നമുക്കോരോരുത്തർക്കും ലഭിച്ചിട്ടുള്ള ദൈവവിളിയെപ്പറ്റി ചിന്തിക്കുവാനും ആ വിളിക്കനുസൃതമായ ജീവിതമാണോ നാം നയിക്കുന്നത് എന്നു പരിശോധിക്കുവാനും എല്ലാവരും തങ്ങളുടെ ദൈവവിളിയിൽ വളരുന്നതിനാവശ്യമായ പ്രചോദനവും പ്രോത്സാഹനവും നൽകാനും ഈ ദൈവവിളി ദിനാചരണം നമ്മെ സഹായിക്കട്ടെ.

മാമ്മോദീസ സ്വീകരിച്ച എല്ലാവരും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു. വ്യാപകമായ അർത്ഥത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയാണ് ദൈവവിളി. മറ്റെല്ലാ പ്രത്യേക വിളികളും സന്ധിക്കുന്ന പ്രത്യേക പാതയാണിത്.

വിശുദ്ധിയിലേക്കുള്ള ഈ വിളിയിൽ ഓരോരുത്തർക്കും പ്രത്യേകമായ വഴികൾ ദൈവം സജ്ജമാക്കുന്നു. അതിനനുയോജ്യമായ ജീവിതാവസ്ഥയിലേയ്ക്ക് ദൈവം ഓരോരുത്തരേയും വിളിക്കുന്നു. നാലു പ്രധാന ജീവിതാവസ്ഥകളാണ് സഭയിൽ നാം ദർശിക്കുക. ഒന്ന് - വിവാഹജീവിതം, രണ്ട് - പൗരോഹിത്യം, മൂന്ന് - സമർപ്പിത ജീവിതം, നാല് - ഏകസ്ത അൽമായ ജീവിതം. ഇവയിൽ ഏതെങ്കിലും ഒന്നിലൂടെ നാം വിശുദ്ധി പ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നാം ചെയ്യുന്ന ജോലികൾ ഏതായിരുന്നാലും ഈ

നാല് അവസ്ഥകളിലൂടെ വിശുദ്ധി പ്രാപിക്കുവാൻ ദൈവം നമ്മെ ക്ഷണിക്കുന്നു.

ദൈവവിളി തിരിച്ചറിയുക എന്നാൽ ഞാൻ എന്തായിത്തീരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്നത് കണ്ടെത്തുകയാണ്. ഞാൻ സ്നേഹത്തിലും വിശുദ്ധിയിലും വളരണം എന്നു ദൈവം ആഗ്രഹിക്കുന്നു, എനിക്കുവേണ്ടി മാത്രമല്ല, ഞാൻ ആർക്കായി അയക്കപ്പെട്ടിരിക്കുന്നുവോ അവർക്കുവേണ്ടികൂടിയാണ്. കൂദാശകൾ, പ്രാർത്ഥന പ്രത്യേകിച്ച് ദൈവം എന്നോടു സംസാരിക്കുന്ന നിശ്ശബ്ദ പ്രാർത്ഥന, വിശുദ്ധ ജീവിതം മനസ്സിലാക്കൽ, ഒരു നല്ല ആദ്ധ്യാത്മിക ഉപദേഷ്ടാവിന്റെ സഹായം എന്നിവയൊക്കെ എന്റെ ജീവിതാന്തസ് തിരഞ്ഞെടുക്കുന്നതിന് എന്നെ സഹായിക്കുന്ന ഘടകങ്ങളാണ്.

തങ്ങളുടെ മക്കൾ ശരിയായ ജീവിതാന്തസ് തിരഞ്ഞെടുക്കുന്ന കാര്യത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക് ഏറ്റവും വലുതാണ്. കാരണം കുഞ്ഞുങ്ങളെ അടുത്തറിയാനും അവരുടെ കഴിവുകളും വാസനകളും നന്നായി തിരിച്ചറിയാനും ഏറ്റവും കൂടുതൽ സാധിക്കുക മാതാപിതാക്കൾക്കാണ്. അതിനനുസൃതം ദൈവം ആഗ്രഹിക്കുന്ന ജീവിതാവസ്ഥയിലേയ്ക്ക് അവരെ കൈപിടിച്ചാനയിക്കാൻ മാതാപിതാക്കൾ പരിശ്രമിക്കണം. ലോകത്തിന്റെ പ്രലോഭനങ്ങളിൽ പെട്ട് തങ്ങളുടെ മക്കളെ തെറ്റായ വഴിയിലേയ്ക്ക് നയിക്കാതിരിക്കണമെങ്കിൽ മാതാപിതാക്കൾ തീഷ്ണമായി പ്രാർത്ഥിക്കുകയും ദൈവഹിതം തിരിച്ചറിയാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യണം. പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ മാതാപിതാക്കളും മക്കളും തമ്മിൽ നടത്തുന്ന ആശയവിനിമയം വഴി തങ്ങളുടെ മക്കൾക്ക് ദൈവം ഒരുക്കുന്ന വഴിയിലേയ്ക്ക് അവരെ നയിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

പൗരോഹിത്യത്തിലേക്കോ സമർപ്പിത ജീവിതത്തിലേക്കോ തങ്ങളെ ദൈവം വിളിക്കുന്നു എന്നു ചിന്തിക്കുന്ന കുഞ്ഞുങ്ങൾക്ക് അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിന് അവരെ സഹായിക്കുന്നതിനുവേണ്ടി നാം നടത്തുന്ന ദൈവവിളി ക്യാമ്പി

ലേയ്ക്ക് അത്തരം കുഞ്ഞുങ്ങളെ പറഞ്ഞയക്കാൻ മാതാപിതാക്കളും മറ്റുള്ളവരും ശ്രദ്ധിക്കണം. അതിലൂടെ തങ്ങൾക്ക് ദൈവം ഒരുക്കുന്ന വിളിയും വഴിയും കൂടുതൽ കൃത്യതയോടെ തിരിച്ചറിയാനും ആ വഴിയിലൂടെ വിശുദ്ധി പ്രാപിക്കാനും അനേകരെ വിശുദ്ധീകരിക്കുവാനും അവർക്ക് അവസരം ലഭിക്കുന്നു.

ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 7 മുതൽ 9 വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽവച്ചും ഏപ്രിൽ 10 മുതൽ 12 വരെ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്കുള്ള ക്യാമ്പ് ഏപ്രിൽ 7 മുതൽ 9 വരെ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽവച്ചും 10 മുതൽ 12 വരെ ചേർപ്പുങ്കൽ സമരിറ്റൻ പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തപ്പെടുന്നതാണ്. പൗരോഹിത്യ, സമർപ്പിത ജീവിതത്തിലേക്കു പോകാനാഗ്രഹിക്കുന്ന 10-ാം ക്ലാസ്സോ അതിലുപരിയോ വിദ്യാഭ്യാസയോഗ്യതയുള്ള കുട്ടികൾ ഈ ക്ലാസുകളിലൊന്നിൽ നിർബന്ധമായും പങ്കെടുത്തിരിക്കേണ്ടതാണ്.

"തന്റെ വയലിലേയ്ക്ക് ജോലിക്കാരെ അയക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ 9: 88) എന്ന ഈശോയുടെ ആഹ്വാനം സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാൻ നമുക്കോരോരുത്തർക്കുമുള്ള ചുമതല നമ്മെ അനുസ്മരിപ്പിക്കുന്നു. മാതൃകയാലും പ്രാർത്ഥനയാലും സഹായസഹകരണങ്ങളാലും ദൈവവിളിയെ പ്രോത്സാഹിപ്പിക്കാൻ എല്ലാവരേയും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. നമ്മുടെ വൈദികവിദ്യാർത്ഥികളുടെ പഠനത്തിന് ആവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ലഭ്യമാക്കുവാനായി നാം ആരംഭിച്ച വൈദികവിദ്യാർത്ഥി പരിശീലന ഫണ്ടിൽ സഹകാരികളായ ഏവരേയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഇനിയും കൂടുതൽ കുടുംബങ്ങളും ഇടവകകളും ഈ പദ്ധതിയിൽ സഹകാരികളായി പങ്കുചേർന്നുകൊണ്ട് നമ്മുടെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനാവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ഉറപ്പാക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ദൈവവിളി പ്രോത്സാഹനത്തിനായി അക്ഷീണം പരിശ്രമിക്കുന്ന നമ്മുടെ അതിരൂപതയിലെ ദൈവവിളി കമ്മീഷനേയും അവരോടു ചേർന്നു പ്രവർത്തിക്കുന്ന എല്ലാവരേയും ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. ദൈവവിളി പ്രോത്സാഹനത്തിനായി പലവിധത്തിൽ താൽപര്യപൂർവ്വം പ്രവർത്തിക്കുന്ന എല്ലാ വൈദികരേയും സമർപ്പിതരേയും അൽമായ സഹോദരങ്ങളേയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B.

1. ഈ സർക്കുലർ 2014 മാർച്ച് 30-ാം തീയതി ഞായറാഴ്ച നമ്മുടെ ദേവാലയങ്ങളിൽ വി. കുർബ്ബാന മധ്യേ വായിച്ചറിയിക്കേണ്ടതാകുന്നു.
2. ദൈവവിളി ക്യാമ്പുകൾ ആദ്യദിനം വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മൂന്നാം ദിനം ഉച്ചകഴിഞ്ഞ് 1 മണിക്ക് അവസാനിക്കും. ക്യാമ്പ് ഫീസ് 300 രൂപയാണ്. പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് കൊണ്ടുവരണം.

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**മാർച്ച് 2014**

2 കാരിത്താസ് ഇടവകാംഗമായ ത്രേസ്യാമ്മ പുന്നൻ വടകരയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പള്ളിയിൽ കാർമ്മികത്വം വഹിച്ചു.

8 ചൈതന്യയിൽ നടന്ന സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ മീറ്റിംഗിൽ പങ്കെടുത്തു.

\- കോട്ടയം തിരുനക്കരയിൽ നടന്ന വനിതാദിനാഘോഷത്തിൽ സംബന്ധിച്ചു.

8-9 കൂടല്ലൂർ പള്ളിയിൽ ഇടയസന്ദർശനം നടത്തി.

10 അതിരൂപതയ്ക്കുവേണ്ടി വടവാതൂർ സെമിനാരിയിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികളുമായി മെത്രാസന മന്ദിരത്തിൽ മീറ്റിംഗ് നടത്തി.

11 ചൈതന്യയിൽ നടന്ന വൈദിക കൗൺസിൽ മീറ്റിങ്ങിൽ സംബന്ധിച്ചു.

14 നിലയ്ക്കൽ ട്രസ്റ്റ് യോഗത്തിൽ പങ്കെടുത്തു.

\- വടവാതൂർ സെമിനാരിയിൽ നടത്തുന്ന ബൈബിൾ ക്ലാസിന്റെ സമാപന ദിനത്തിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

15 ഉഴവൂർ പള്ളിയിൽ നടന്ന 40 മണി ആരാധനയിൽ പങ്കെടുത്തു.

15-16 മുട്ടം പള്ളിയിൽ ഇടയസന്ദർശനം നടത്തി.

16 കരിപ്പാടം ഇടവകാംഗമായ ചാക്കോ നാലുകോട്ടയിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് പള്ളിയിൽ കാർമ്മികത്വം വഹിച്ചു.

19 സെന്റ് ജോസഫ് ജനറലേറ്റിൽ വി. ബലിയർപ്പിച്ചു.

\- മോനിപ്പള്ളി ഹോസ്പിറ്റലിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

20-21 കട്ടപ്പനയിൽ നടന്ന റീജിയണൽ ബിഷപ്സിന്റെ മാസ ധ്യാനത്തിൽ സംബന്ധിച്ചു.

22-23 പറമ്പഞ്ചേരി പള്ളിയിൽ ഇടയസന്ദർശനം നടത്തി.

27 എസ്. എച്ച്. മൗണ്ട് പള്ളിയിൽ വി. ബലിയർപ്പിച്ച് 40 മണി ആരാധനയ്ക്ക് തുടക്കം കുറിച്ചു.

- മദനഹാ ഇസ്റ്റിറ്റ്യൂട്ടിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

28 കൂടല്ലൂർ ഇടവകാംഗമായ പട്ടാർകുഴിയിൽ പരേതനായ സൈമൺ സാറിനുവേണ്ടി ലിറ്റിൽ ലൂർദ്ദ് ഹോസ്പിറ്റലിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 പി.ഒ.സി.യിൽ നടന്ന ഡയലോഗ് കമ്മീഷന്റെ പ്രോഗ്രാമിൽ പങ്കെടുത്തു.

29-30 വെള്ളൂർ പള്ളിയിൽ ഇടയസന്ദർശനം നടത്തി.

31 തൂവാനീസായിൽ നടന്ന പ്ലസ് ടു വിദ്യാർത്ഥികളുടെ ക്യാമ്പിൽ പങ്കെടുത്തു.

**ഏപ്രിൽ 2014**

1 എം.എസ്.പി. സെമിനാരിയിൽ നടന്ന റീജൻസി ബ്രദേഴ്സിന്റെ ധ്യാനത്തിൽ പങ്കെടുത്തു.

3 തൂവാനിസായിൽ നടന്ന പ്ലസ് ടു വിദ്യാർത്ഥികളുടെ ക്യാമ്പിൽ സംബന്ധിച്ചു.

4 റീജൻസി ചെയ്യുന്ന വൈദിക വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

5 ഏറ്റുമാനൂർ പള്ളിയിൽ നിര്യാതനായ ഫാ. കെ. ജെ. തോമസിന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

5-6 വെളിയന്നൂർ പള്ളിയിൽ ഇടയ സന്ദർശനം നടത്തി.

# Engagements

**Mar Mathew Moolakkatt**

**April - 2014**

8 Vocation camp for boys at Chaithanya.

- Camp for +2 students at Thuvanisa.

11 Vocation camp for girls at Samaritan Bhavan Cherpunkal

- Camp for +2 students at Thuvanisa.

13 Holy Qurbana on Palm Sunday at Payyavoor.

15-20 Holy week celebration at Cathedral.

21 Holy Qurbana and Silver Jubilee celebration of Bro. Monachan Kanattumyalil at Kallara Old.

- Camp for +2 students at Thuvanisa.

22 Ordination of Dn. Jeby Mughachirayil OFM Cap. at Kurumulloor.

23 Holy Qurbana and Exhumation of Servent of God Mar Mathew Makil at Edacat.

26 To Rome.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**മാർച്ച് 2014**

8. ഉഴവൂർ ഫൊറോനാ പള്ളിയിൽ വച്ചു നടത്തിയ KCWA അതിരൂപതാ വനിതാ ദിനാഘോഷം ഉദ്ഘാടനം ചെയ്തു.

11. ചൈതന്യയിൽ കൂടിയ വൈദികസമിതിയിലും അതിരൂപതാ അസംബ്ലി സെൻട്രൽ കമ്മറ്റി മീറ്റിംഗിലും സംബന്ധിച്ചു.

12. മൗണ്ട് സെന്റ് തോമസിൽ കൂടിയ സീറോ മലബാർ യൂത്ത് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

13. രാജപുരം പയസ് X കോളേജിൽ NAAC മായുള്ള മീറ്റിംഗിൽ പങ്കെടുത്തു.

15. മൗണ്ട് സെന്റ് തോമസിൽ കൂടിയ സീറോ മലബാർ യൂത്ത് ലീഡേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

17, 18. ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൂടിയ മലബാർ റീജിയൺ മാസധ്യാനത്തിൽ സംബന്ധിച്ചു.

19. രാജപുരം ഫൊറോനാ പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

23. കണ്ണൂർ രൂപതാ ബിഷപ്പ് മോൺ. അലക്സ് വടക്കുംതലയുടെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

25. മലബാർ റീജിയൺ ICSE സ്കൂൾ പ്രിൻസിപ്പൽമാരുടെ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വിളിച്ചുകൂട്ടിയ മീറ്റിംഗിൽ സംബന്ധിച്ചു.

27. മടമ്പം PKM College ലെ കണ്ടോത്ത് ഡേ ഉദ്ഘാടനം ചെയ്തു.

27-30 ഒടയംചാൽ പള്ളിയിൽ ഇടയസന്ദർശനം നടത്തി.

28. രാജപുരം കോളേജ് NSS യൂണിറ്റ് പണിതു നല്കിയ വീടിന്റെ താക്കോൽ ദാനം നടത്തി.

30. മാലോം പള്ളിയിൽ ഇടയസന്ദർശനം നടത്തി.

**ഏപ്രിൽ 2014**

1. പോളയ്ക്കൽ ബഹു. മാത്യു അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ വീട്ടിലെ തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും മറ്റു കർമ്മങ്ങളിൽ സംബന്ധിക്കുകയും ചെയ്തു.

# Engagements

## Mar Joseph Pandarasseril

**April 2014**

2-6 Pastoral visit at Kottody, Airode.

5. Holy mass at Retreat Centre, Kallar in view of one day convention.

6. KCYL Rajapuram forane - Meeting at Rajapuram.

12. Conclusion of 12 hour adoraton at Kidangoor.

13. Palm sunday- at Cathedral, Kottayam.

17-20 Holy week at Sreepuram.

23. Exhumation of Servent of God Mar Mathew Makil at Edacat.

25. Holy mass and blessing of parish hall at Mangidappally.

26. Holy Mass & First Holy communion at Kallara New.

27 Holy Mass and conclusion of Silver Jubilee celebration of Michaelgiri Parish.

**May 2014**

1 Holy mass and First communion at Ettumanoor.

\- Vestition and Profession of SJC sisters at S.H. Mount.

1 - 4 Major seminary camp at Pazhuthuruth, OSB Ashramam.

3 Vestition and profession of Fusco Sisters at Keezhoor.

4 Vestition,Minor Orders and Diaconate of Major Seminarians.

\- Holy Mass and Parish day at Vakathanam.

## അഭി. കുന്നശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**മാർച്ച് 2014**

7 കാരിത്താസ് ഇടവക വടകര പരേതയായ ത്രേസ്യാമ്മയ്ക്കു വേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

9 അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി ബി.റ്റി.എം.ൽ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു.

13 ബാലസോർ രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ സൈമൺ കായിപ്പുറം ബി.റ്റി.എം.ൽ പിതാവിനെ സന്ദർശിച്ചു.

19 കാരിത്താസ് ഇടവക അരീച്ചിറ പരേതനായ തോമസിനു വേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

20 ഏറ്റുമാനൂർ ഇടവക ചാലായിൽ പരേതയായ അന്നമ്മയ്ക്കു വേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

28 കൂടല്ലൂർ ഇടവക പട്ടാറുകുഴിയിൽ പരേതനായ സൈമനു വേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

31 അതിരൂപതയിലെ വൈദികനായ പുന്നത്തുറ ഇടവക പരേതനായ ഫാ. മാത്യു പോളയ്ക്കലിനുവേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

## തൂവാനീസ പ്രോഗ്രാം

| | |
|---|---|
| ഏപ്രിൽ 6 – 10 | യുവജനധ്യാനം<br>(തൂവാനീസ ടീം) |
| 21 – 25 | യുവജന ധ്യാനം<br>(തൂവാനീസ ടീം) |
| 27 – മെയ് 1 | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>(എസ്. എച്ച്. മിനിസ്ട്രി ടീം) |
| മെയ് 4 – 8 | യുവജന ധ്യാനം<br>(തൂവാനിസ ടീം) |

# CHAITHANYA PROGRAMME
## April 2014

| Date | Programme |
|---|---|
| 1 | KSSS Highrange Animators' Meeting |
| 2 | KSSS Animators' Meeting |
| 7-9 | Vacation Camp for Boys |
| 8 | KSSS Co-ordinators' Meeting |
| 9 | KSSS Beautician Training |
| 9 | KSSS Edackat Region Federation Meeting |
| 10 – 12 | Family Commission - Pre-marriage Course |
| 14 | Altar Boys - Training Programme |
| 14-15 | KCYL Camp (Future Leaders Meet) |
| 21-23 | KCYL CAMP |
| 21 | TCI SEMINAR |
| 22 | KSSS Co - ordinators' Meeting |
| 24 | KSSS CBR CRC |
| 24 – 26 | Family Commission - Pre-marriage Course |
| 25 | KSSS Mushroom Cultivation Training |
| 25 | KSSS Bee-keeping Training |
| 28-30 | JJ Academy JCI INDIA ZONE XXII |
| 30 | KSSS Animators' Training |

## KSSS SAMARITAN RESOURCE CENTRE
## MARCH - 2014

| Date | Programme |
|---|---|
| 1 | KSSS Deafblind Training |
| 3 | KSSS Deafblind Training |
| 4 | KSSS Kidangoor - Regional Meeting |
| 9 | KSSS Kidangoor - Regional SAFP Meeting |
| 10 | KSSS Deafblind Training |
| 11 | KSSS Kidangoor - Regional Meeting |
| 18 | KSSS Kidangoor - Regional Meeting |
| 22 | KSSS Deafblind Training |
| 24 | KSSS Deafblind Training |
| 25 | KSSS Kidangoor - Regional Meeting |

# ബൈബിൾ കമ്മീഷൻ

## വിശുദ്ധനാട് തീർത്ഥയാത്ര മെയ് 8 – 17

ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന 19-ാമത് വിശുദ്ധനാട് തീർത്ഥയാത്ര 2014 മെയ് 8ന് പുറപ്പെട്ട് 17ന് തിരിച്ചെത്തുന്നു. യേശുസംഭവങ്ങളുടെ നാടായ ജോർദ്ദാൻ, ഇസ്രയേൽ, പാലസ്തീൻ, സീനായ്, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിലൂടെയുള്ള യാത്ര ഏറ്റം ആനന്ദകരവും അനുഗ്രഹീതവുമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ബൈബിൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. 10 ദിവസത്തെ യാത്രയ്ക്ക് ഇൻഷ്വറൻസ് ഉൾപ്പെടെ Rs. 32000 + $ 730. ബഹു. വൈദികർക്ക് പ്രത്യേക സാമ്പത്തിക പരിഗണനകൾ നൽകുന്നതാണ്.

## വി. പൗലോസ് ശ്ലീഹായുടെ കാൽപാടുകളിലൂടെ

വിശുദ്ധ പൗലോസ് ശ്ലീഹായുടെ പ്രേഷിത യാത്രകളും സ്ഥാപിച്ച സഭകളും അടുത്തറിയാൻ സുവർണ്ണാവസരം. വൈദികർക്കുവേണ്ടി സംഘടിപ്പിക്കുന്ന ഈ യാത്ര കേരളത്തിൽ ആദ്യത്തേതാണ്. ഏദൻസ്, കൊറിന്ത്, തെസലോണിക്ക, ഫിലിപ്പി, എഫേസൂസ്, ഗ്രീസ്, ആന്റിയോക്, ടാർസൂസ്, ഇസ്താംബൂൾ എന്നീ സ്ഥലങ്ങളിലൂടെ 13 ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന തീർത്ഥയാത്രയ്ക്ക് 147000 രൂപയാണ് (ഇൻഷ്വറൻസ് ഉൾപ്പെടെ). വൈദികർക്ക് ബൈബിൾ കമ്മീഷൻ 17000 രൂപ പ്രത്യേക പാരിതോഷികമായി നൽകുന്നതാണ്.

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

## ശില്പശാലകൾ സംഘടിപ്പിച്ചു

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികൾക്കായി A.C. തലത്തിൽ നടത്തിവന്ന ശില്പശാല സമാപിച്ചു. ജനുവരി മാസം രാജപുരം A.C. യിൽ ചുള്ളിക്കരയിൽ ആരംഭിച്ച് മാർച്ച് രണ്ടാം തീയതി കോട്ടയത്ത് നടത്തിയ ശില്പശാലയോടെ സി.സി.യിലെ എല്ലാ A.C. കളിലും ശില്പശാലകൾ പൂർത്തിയായി. കോട്ടയം ക്രിസ്തുരാജ കത്തീഡ്രൽ ഹാളിൽ കോട്ടയം,

കൈപ്പുഴ, കുറ്റൂർ A.C. കളിലെ കോൺഫ്രൻസ് ഭാരവാഹികൾക്കായി നടത്തിയ ശില്പശാല കത്തീഡ്രൽ പള്ളി വികാരി ഫാ. ജോൺ ചേന്നാകുഴി ഉദ്ഘാടനം ചെയ്തു. ശില്പശാലയ്ക്ക് C.C., A.C.ഭാരവാഹികൾ നേതൃത്വം നൽകി.

## ആദ്യഭവനം വെഞ്ചരിച്ചു

സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി സ്ഥാപകൻ ഫാ. ഫ്രെഡറിക് ഒസ്സാനാമിന്റെ 200-ാമത് ജന്മ വാർഷികത്തിന്റെയും കോട്ടയം C.C. യുടെ വജ്ര ജൂബിലിയുടെയും സ്മാരകമായി C.C. ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പ്രൊജക്ടുകളിൽ ഭവന നിർമ്മാണ/പുനരുദ്ധാരണ വിഭാഗത്തിലെ ആദ്യ ഭവനം പയ്യാവൂർ സെന്റ് ആൻസ് ഇടവകയിൽ പൂർത്തിയായി. മാർച്ച് 1-ാം തീയതി ഇടവകയിലെയും A.C., C.C. കളിലെയും അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ബ. വികാരി ഫാ. സുനി പടിഞ്ഞാറേക്കര ഭവനം വെഞ്ചരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് പയ്യാവൂർ സെന്റ് ആൻസ് കോൺഫ്രൻസ് അംഗങ്ങൾ നേതൃത്വം നൽകി. ഈ പദ്ധതിയിൽപ്പെട്ട മറ്റു ഭവനങ്ങളുടെ നിർമ്മാണങ്ങൾ പുരോഗമിക്കുന്നു.

## മെഡിക്കൽ ക്യാമ്പ് നടത്തി

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പറമ്പഞ്ചേരി സെന്റ് സ്റ്റീഫൻസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ കാൻസർ ബോധവൽക്കരണ ക്യാമ്പും സൗജന്യ പരിശോധയും രക്തഗ്രൂപ്പ് നിർണ്ണയവും നടത്തി. 9-3-2014 ന് പള്ളി ഹാളിൽ നടന്ന ക്യാമ്പിൽ 500 ഓളം പേർ പങ്കെടുത്തു. ക്യാമ്പിൽ ഡോ. മനു ജോൺ ക്ലാസ്സെടുത്തു. ഡോ. ആമോസ് അമിനാഥ്, ഡോ. ഏലിയാമ്മ എന്നിവർ പരിശോധനകൾക്ക് നേതൃത്വം നൽകി. കാരിത്താസ് ആശുപത്രി ഡയറക്ടർ ഫാ. തോമസ് ആനിമൂട്ടിൽ, വികാരി ഫാ. ജേക്കബ് മുല്ലൂർ എന്നിവർ പ്രസംഗിച്ചും ക്യാമ്പിന് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ നേതൃത്വം നൽകി.

## പുതിയ കോൺഫ്രൻസ്

മടമ്പം A.C. യിൽ പെരിങ്ങാല സെന്റ് സ്റ്റീഫൻസ് ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ

കോൺഫ്രൻസ് സ്ഥാപിച്ചു. വികാരി ഫാ. അനീഷ് കളപ്പുരയുടെയും സൊസൈറ്റി A.C., C.C. ഭാരവാഹികളുടെയും ശ്രമഫലമായി രൂപീകരിയ്ക്കപ്പെട്ട കോൺഫ്രൻസിന്റെ ആദ്യഭാരവാഹികളായി ബ്ര. ജോയി കാട്ടിപ്പറമ്പിൽ (പ്രസിഡന്റ്) ബ്ര. ഷാജി പടിയാനിയ്ക്കൽ (വൈസ് പ്രസിഡന്റ്) സി. ലീനാ ഒറവക്കുഴിയിൽ (സെക്രട്ടറി) ബ്ര. മാത്യു മാണിയ്ക്കപ്പറമ്പിൽ (ട്രഷറർ) എന്നിവർ ചുമതലയേറ്റു.

**കെ. ജെ. ജോസ്, പ്രസിഡന്റ്**

# കെ.സി.ഡബ്ല്യു.എ

## വനിതാ ദിനാഘോഷവും പ്രവർത്തനോദ്ഘാടനവും നടത്തി

ഉഴവൂർ: ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ വനിതാ ദിനാഘോഷവും, പ്രവർത്തനോദ്ഘാടനവും സംഘടിപ്പിച്ചു. ഉഴവൂർ പള്ളി പരീഷ് ഹാളിൽ ചേർന്ന ചടങ്ങിൽ കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപത പ്രസിഡന്റ് ഡോ. ഷൈനി സ്റ്റീഫൻ അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ.മാത്യു ഇളപ്പാനിക്കൽ ആമുഖ സന്ദേശം നൽകി. പ്രമുഖ പത്രപ്രവർത്തകനും വചനപ്രഘോഷകനുമായ ടി.ദേവപ്രസാദ് വനിതാദിന സന്ദേശം നൽകി.

ഉഴവൂർ ഫൊറോന വികാരി ഫാ.ജോർജ്ജ് പുതുപ്പറമ്പിൽ, സെന്റ് സ്റ്റീഫൻസ് കൂടാരയോഗം പ്രസിഡന്റ് പ്രൊഫ.ജോസഫ് ജോർജ് കാനാട്ട് എന്നിവർ ആശംസകളർപ്പിച്ചു. ഫൊറോന പ്രസിഡന്റ് ഷൈനി സിറിയക് സ്വാഗതവും അതിരൂപത സെക്രട്ടറി ബീന രാജു താഴത്തേൽ നന്ദിയും പറഞ്ഞു. വിവിധ ഫൊറോനകളുടെ ആഭിമുഖ്യത്തിൽ കലാപരിപാടികളും ഒരുക്കിയിരുന്നു.

# കെ. സി. വൈ. എൽ.

## അതിരൂപത കോർ ടീം മീറ്റിംഗ്

കെ.സി.വൈ.എൽ അതിരൂപത സമതിയുടെ ആഭിമുഖ്യത്തിൽ ഡയറക്ടർമാർക്കും സിസ്റ്റർ അഡ്വൈസർമാർക്കുമായി സംഘടിപ്പിച്ച കോർ ടീം മീറ്റിംഗ് മാർച്ച് 9-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കാരിത്താസ് ആശുപത്രി അസി. ഡയറക്ടർ റവ.ഫാ. ബോബൻ വട്ടംപുറത്ത് ഉദ്ഘാടനം ചെയ്തു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള 70-ഓളം ഡയറക്ടർമാരും സിസ്റ്റർ അഡ്വൈസർമാരും യോഗത്തിൽ പങ്കെടുത്തു. 2014 പ്രവർത്തന വർഷത്തെ അതിരൂപതാ സമിതിയുടെ പ്രവർത്തന മാർഗരേഖ യോഗത്തിൽ അവതരിപ്പിക്കുകയും അവയുടെ പ്രായോഗിക നടത്തിപ്പിനു വേണ്ട അഭിപ്രായങ്ങൾ അതിരൂപതാ ചാപ്ലയിൽ ഫാ.അബ്രഹാം പറമ്പേട്ട് ഡയറക്ടർ ഡോ.ഫ്രാൻസിസ് സിറിയക് എന്നിവർ നേതൃത്വം നൽകിയ ചർച്ചയിലൂടെ സ്വരൂപിക്കുകയും ചെയ്തു. കെ.സി.വൈ.എൽ -ന്റെ ശക്തമായ പ്രവർത്തനം സമുദായത്തിന്റെ നിലനിൽപിന് അത്യാവശ്യമാണെന്ന് യോഗം ഐക്യകണ്ഠേന അംഗീകരിക്കുകയും സംഘടനയുടെ സുഗമമായ നടത്തിപ്പിന് വേണ്ട എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്യുകയും ചെയ്തു.

## ഫ്യൂച്ചർ ലീഡേഴ്സ് മീറ്റ് ഏപ്രിൽ 13,14 തീയതികളിൽ

2012, 2013 വർഷങ്ങളിൽ നടന്ന അതിരൂപതാ ലീഡർഷിപ്പ് ക്യാമ്പിൽ നിന്നും ഫ്യൂച്ചർ ലീഡേഴ്സായി തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങളുടെ തുടർപരിശീലന പരിപാടി ഏപ്രിൽ 13,14 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. 2012, 2013 വർഷങ്ങളിലെ ഫ്യൂച്ചർ ലീഡേഴസ് എല്ലാവരും ഇതിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ക്നാനായ ശിൽപശാല ഏപ്രിൽ 21, 22, 23 ന്

ക്നാനായ യുവജനങ്ങൾക്കിടയിൽ സമുദായ അവബോധം വളർത്തുന്നതിനായി ത്രിദിന ക്നാനായ ശിൽപശാല ഏപ്രിൽ 21, 22, 23 തീയതി

കളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 21-ാം തീയതി വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് ഏപ്രിൽ 23-ാം തീയതി ഉച്ചയ്ക്ക് 2 മണിയോടെ സമാപിക്കുന്നതാണ്.

**ദിനൂപ് പി. മലയിൽ**
അതിരൂപതാ ജനറൽ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

# വികസന പാതയിൽ വരുംദിനങ്ങൾ

## ഹൈറേഞ്ച് ഹരിത സംഗമം മെയ് 2 ന്

കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയും കെ.എസ്.എസ്.എസും സംയുക്തമായി ഹൈറേഞ്ച് ഹരിതസംഗമം മെയ് 2 ന് തടിയമ്പാട് ചൈതന്യ കാർഷിക നേഴ്സറി അങ്കണത്തിൽ സംഘടിപ്പിക്കുന്നു. ഹൈറേഞ്ചിലെ ഗ്രാമവികസന സമിതികളുടെയും സാശ്രയസംഘാംഗങ്ങളുടെയും ഫെഡറേഷൻ ഭാരവാഹികളുടെയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന മേളയോടനുബന്ധിച്ച് ഹരിതസംഗമ റാലി, സ്വാശ്രയസംഘ കലാവിരുന്നുകൾ, വികസന പദ്ധതികളുടെ ഉദ്ഘാടനം, വിജ്ഞാനദായക സെമിനാറുകൾ, വ്യത്യസ്തവും പുതുമ നിറഞ്ഞതുമായ മത്സരങ്ങൾ, പ്രദർശന വിപണന സ്റ്റാളുകൾ, ഹരിതസംഗമ ദിനപൊതുസമ്മേളനം തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്.

## മേഖലാ ഫെഡറേഷൻ മീറ്റിംഗ്

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ഹൈറേഞ്ച് ഒഴികെയുള്ള എല്ലാ മേഖലകളിലും മേഖലാ ഫെഡറേഷൻ മീറ്റിംഗ് സംഘടിപ്പിക്കുന്നു. മീറ്റിംഗിൽ മേഖലാതല ഭാരവാഹികളുടെ ഇലക്ഷനും പുതിയ കർമ്മ പദ്ധതികളുടെ ആസൂത്രണവും നടത്തപ്പെടും. ഉഴവൂർ, ചുങ്കം, കിടങ്ങൂർ മേഖലകളിൽ ഫെഡറേഷൻ മീറ്റിംഗ് പൂർത്തിയായി. മലങ്കര മേഖലയിൽ ഏപ്രിൽ 1-ാം തീയതി ചിങ്ങവനത്തും കൈപ്പുഴ മേഖലയിൽ 4-ാം തീയതി കൈപ്പുഴയിലും

കടുത്തുരുത്തി മേഖലയിൽ 7-ാം തീയതി കടുത്തുരുത്തിയിലും ഇടയ്ക്കാട് മേഖലയിൽ 9-ാം തീയതി ചൈതന്യയിലും ഫെഡറേഷൻ ഭാരവാഹി മീറ്റിംഗ് സംഘടിപ്പിക്കുന്നു.

## തിമിരനിർണ്ണയ ക്യാമ്പുകൾ

കെ.എസ്.എസ്.എസ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ചുകൊണ്ട് പ്രവർത്തന ഗ്രാമങ്ങളിൽ തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. ചുങ്കം മേഖലയിൽ മാറിക ഗ്രാമത്തിൽ സംഘടിപ്പിച്ച ക്യാമ്പിൽ 144 പേർ പങ്കെടുത്തു. 12 പേർക്ക് വിദഗ്ദ്ധ പരിശോധനയിലൂടെ തിമിരം ഉള്ളതായി കണ്ടെത്തി. കിടങ്ങൂർ മേഖലയിലെ മറ്റക്കര ഗ്രാമത്തിൽ സംഘടിപ്പിച്ച ക്യാമ്പിൽ 190 പേർ പങ്കെടുത്തു. 23 പേർക്ക് വിദഗ്ദ്ധ പരിശോധനയിൽ തിമിരം ഉള്ളതായി കണ്ടെത്തി. ഏപ്രിൽ, മെയ് മാസങ്ങളിലെ ക്യാമ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്യാമ്പിൽ പങ്കെടുത്ത് രോഗനിർണ്ണയം നടത്തുന്നവർക്ക് തുടർ ചികിത്സാ സൗകര്യങ്ങളും ഒരുക്കുന്നതാണ്. ഏപ്രിൽ 29-ാം തീയതി പിറവത്തും മെയ് 26 ന് അമനകരയിലും തിമിര നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

## ആരോഗ്യ അവബോധ സെമിനാറും മെഡിക്കൽ ക്യാമ്പും

കെ.എസ്.എസ്.എസും മോനിപ്പള്ളി എം.യു.എം ആശുപത്രിയുമായി സഹകരിച്ച് ആരോഗ്യ അവബോധ സെമിനാറും മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നു. ഏപ്രിൽ 12-ാം തീയതി ശനിയാഴ്ച 2 മണിക്ക് മണക്കാട് സെന്റ് ജോസഫ് ചർച്ച് പാരിഷ് ഹാളിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ ഫിസിഷ്യന്റെയും ഗൈനിക് ഡിപ്പാർട്ടുമെന്റിന്റെയും സേവനം ലഭിക്കുന്നതാണ്.

## മുട്ടക്കോഴി വളർത്തൽ പദ്ധതി

നൂതന വരുമാന സംരംഭകസാധ്യതകൾ സ്വാശ്രയസംഘാംഗങ്ങൾക്ക് തുറന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് മുട്ടക്കോഴി വളർത്തൽ പദ്ധതിയ്ക്ക് തുടക്കം കുറിയ്ക്കുന്നു. കുടുംബകൃഷി വർഷത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മുട്ട

ക്കോഴിയും കൂടും സബ്സിഡി നിരക്കിൽ സംഘാംഗങ്ങൾക്ക് ലഭ്യമാക്കും. ഏറ്റവും കൂടുതൽ അത്യുൽപാദന ശേഷിയുള്ള BV380 ഇനം മുട്ടക്കോഴികളെയാണ് ലഭ്യമാക്കുന്നത്. വർഷത്തിൽ 300 മുട്ടയിടുന്ന 5 മാസം പ്രായമുള്ള ഒരു കോഴിക്ക് സ്വാശ്രയ സംഘാംഗങ്ങൾക്ക് 375 രൂപയ്ക്കും പൊതു വിഭാഗത്തിന് 400 രൂപയ്ക്കുമാണ് നൽകുന്നത്. 10 കോഴികളെ വളർത്താവുന്ന ശാസ്ത്രീയമായി നിർമ്മിച്ച കൂടിന് സംഘാംഗങ്ങൾക്ക് 5000 രൂപയ്ക്കും പൊതുവിഭാഗത്തിന് 5250 രൂപയ്ക്കും 25 കോഴികളെ വളർത്താവുന്ന കൂടിന് സംഘാംഗങ്ങൾക്ക് 7,000 രൂപയ്ക്കും പൊതുവിഭാഗത്തിന് 7250 രൂപയ്ക്കും 50 കോഴികളെ വളർത്താവുന്ന കൂടിന് സംഘാംഗങ്ങൾക്ക് 12,000 രൂപയ്ക്കും പൊതുവിഭാഗത്തിന് 12250 രൂപയ്ക്കുമാണ് ലഭ്യമാക്കുക. രജിസ്റ്റർചെയ്യുന്ന ഗുണഭോക്താക്കൾക്ക് ചൈതന്യയിലായിരിക്കും കോഴിയും കൂടും ലഭ്യമാക്കുക.

## സി.ബി.ആർ കേന്ദ്രതല സംഗമം

കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വൈകല്യമുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ട സി.ബി.ആർ സംഘാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സി.ബി.ആർ കേന്ദ്രതല സംഗമം സംഘടിപ്പിക്കുന്നു. മെയ് 23-ാം തീയതി വെള്ളിയാഴ്ച കിടങ്ങൂർ സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിലാണ് സംഗമം സംഘടിപ്പിക്കുന്നത്. വൈകല്യമുള്ളവരുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിച്ച് അവരുടെ കഴിവുകളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സംഗമം സംഘടിപ്പിക്കുന്നത്. സംഗമത്തോടനുബന്ധിച്ച് സെമിനാർ, കായിക മത്സരങ്ങൾ, കലാമത്സരങ്ങൾ, പൊതുസമ്മേളനം എന്നിവയും നടത്തപ്പെടും.

## ചൈതന്യ ജീവകാരുണ്യ നിധിയിൽ പങ്കാളികളാകാൻ അവസരം

കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടപ്പിലാക്കുന്ന ചൈതന്യ ജീവകാരുണ്യ നിധിയിൽ പങ്കാളികളാകാൻ അവസരം ഒരുക്കുന്നു. നിർദ്ധന രോഗികൾക്ക് സാന്ത്വന സ്പർശം എന്ന ആപ്തവാക്യവുമായി രൂപം നൽകിയിരിക്കുന്ന ജീവകാരുണ്യ നിധിയിലൂടെ നിർദ്ധനരായ രോഗികൾക്ക്

ചികിത്സാ സഹായം ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. കെ.എസ്.എസ്.എസിന്റെ ഈ മഹനീയ ഉദ്യമത്തിൽ പങ്കാളികളായി നിർദ്ധന രോഗികളെ സഹായിക്കാൻ താൽപര്യമുള്ള സുമനസ്സുകൾക്ക് ചൈതന്യ കേന്ദ്രഓഫീസുമായോ കെ.എസ്.എസ്.എസ് അനിമേറ്റർ മുഖാന്തിരമോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലനങ്ങൾ

### ബ്യൂട്ടീഷ്യൻ പരിശീലനം

15 ദിവസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം ഏപ്രിൽ 9 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. ത്രെഡിംഗ്, വാക്സിംഗ്, ബ്ലീച്ചിംഗ്, ഫേഷ്യൽ, ഹെയർ കട്ടിംഗ്, പീൽ, ഹെന്ന, പെഡിക്യൂർ, മെനിക്യൂർ, ഹോട്ട് ഓയിൽ മസാജ്, സ്പിഞ്ചിംഗ്, ബ്രൈഡൽ മേക്കപ്പ്, ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ എന്നിവയാണ് പരിശീലനത്തിൽ ക്രമീകരിച്ചിരിക്കുന്നത്.

### തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം

കെ.എസ്.എസ്.എസ് നാളികേര വികസന ബോർഡുമായി സഹകരിച്ച് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തോടനുബന്ധിച്ച് തെങ്ങ് കയറ്റ പരിശീലനം, തെങ്ങ്കയറ്റ യന്ത്ര പരിചയം, ജൈവകൃഷിരീതി, വിത്ത് തേങ്ങ സംഭരണം, ആശയ വിനിമയം, സമ്പാദ്യശീലം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകും. 7-ാം ക്ലാസ്സുവരെ പഠനം പൂർത്തിയാക്കിയ 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനത്തിന് മുന്നോടിയായുള്ള പ്രാഥമിക ബോധവൽക്കരണ ക്ലാസ്സിൽ പങ്കെടുത്ത് പേര് രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ 8281610603 എന്ന നമ്പരിൽ ബന്ധപ്പെടുക.

### തേനീച്ച വളർത്തൽ പരിശീലനം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. ഏപ്രിൽ 25 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ സംഘടിപ്പിക്കുന്ന പരിശീലനത്തിൽ തേനീച്ച വളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തേൻ ശേഖരണ മാർഗ്ഗങ്ങൾ, ശുദ്ധീകരണ മാർഗ്ഗങ്ങൾ, തേനിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പ

ന്നങ്ങളുടെ പരിചയപ്പെടുത്തൽ തുടങ്ങിയ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകും.

### കൂൺ കൃഷി പരിശീലനം

കെ.എസ്.എസ്.എസ് കൂൺകൃഷി പരിശീലനം ഏപ്രിൽ 25 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് കൂൺ ബെഡ്, കൂൺ വിത്ത് എന്നിവയും ഇതര സാങ്കേതിക സഹായങ്ങളും ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കും.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## കോട്ടയം നഗരത്തെ കോൾമയിർകൊള്ളിച്ച് വനിതാദിനാഘോഷം

വനിതാ ശാക്തീകരണത്തിന്റെ പ്രൗഢോജ്ജ്വല സന്ദേശവുമായി അക്ഷരനഗരിയിൽ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വനിതാ ദിനാഘോഷം സംഘടിപ്പിച്ചു. അന്താരാഷ്ട്ര വനിതാ ദിനാചരണങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ദിനാഘോഷത്തിന് ഉച്ചഴിഞ്ഞ് 1.30 ന് നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആയിരക്കണക്കിന് വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് തിരുനക്കര മൈതാനിയിലേയ്ക്ക് നടത്തപ്പെട്ട വർണ്ണ ശബളമായ വനിതാദിനറാലിയോടെയാണ് തുടക്കമായത്. റാലിയുടെ ഫ്ളാഗ് ഓഫ് കർമ്മം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി ക്ലിഫ്ഹൗസ് ഉപരോധ സമരത്തിനിടെ സഞ്ചാരസ്വാതന്ത്ര്യത്തിനായി പോരാടി കേരള സ്ത്രീസമൂഹത്തിന് മുഴുവൻ അഭിമാനമായി മാറിയ സന്ധ്യാ സുരേഷിന് പതാക കൈമാറിക്കൊണ്ട് നിർവ്വഹിച്ചു. റാലിയെ തുടർന്ന് നടത്തപ്പെട്ട വനിതാദിന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം വന ഗതാഗത പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. ചടങ്ങിൽ കോട്ടയം അതിരൂപതാ മെത്രാപ്പോലിത്തായും കെ.എസ്.എസ്.എസ് രക്ഷാധികാരിയുമായ മാർ മാത്യു മൂലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. വനിതാ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം ഫിഷറീസ് തുറമുഖ എക്സൈസ് വകുപ്പ് മന്ത്രി കെ. ബാബു നിർവ്വഹിച്ചു.

വനിതാദിനാഘോഷങ്ങളോടനുബന്ധിച്ച് വനിതകൾക്കായി പ്രച്ഛന്നവേഷം, തലയണ അടി എന്നീ മത്സരങ്ങളും സംഘടിപ്പിച്ചു. ആയിരക്കണക്കിന് വനിതകളാണ് കെ.എസ്.എസ്. എസ് പ്രവർത്തന ഗ്രാമങ്ങളിൽ നിന്നായി വനിതാദിനാഘോഷങ്ങളിൽ പങ്കുചേരുന്നതിനായി അക്ഷരനഗരിയിലേയ്ക്ക് എത്തിച്ചേർന്നത്. വനിതാദിന റാലിയ്ക്ക് മിഴിവേകുവാൻ കുതിരപ്പുറത്ത് പതാകയേന്തിയ വനിതയും കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലി സന്ദേശം പകർന്നുകൊണ്ട് 50 വർണ്ണക്കൊടികൾ കൈയിലേന്തിയ വനിതകളും കെ.എസ്.എസ്.എസ്. വനിതാശിങ്കാരിമേളവും ഉണ്ടായിരുന്നു. കൂടാതെ വീട്ടുകൃഷി വർഷാചരണത്തിന്റെ സന്ദേശം പകർന്നുകൊണ്ടുള്ള ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രച്ഛന്നവേഷമത്സരവും പ്രവർത്തന ഗ്രാമങ്ങളെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനത്തിലുമുള്ള പ്രച്ഛന്ന വേഷമത്സരവും സംഘടിപ്പിച്ചിരുന്നു. വനിതാദിനറാലിയിൽ കടുത്തുരുത്തി, കിടങ്ങൂർ, ഇടയ്ക്കാട്ട് എന്നീ മേഖലകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

## സ്ത്രീസുരക്ഷ നിയമ സഹായ സെൽ ഉദ്ഘാടനം ചെയ്തു

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സാമൂഹ്യക്ഷേമ ബോർഡിന്റെ പങ്കാളിത്തത്തോടെ കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സ്ത്രീ സുരക്ഷ നിയമ സഹായ സെൽ ആരംഭിച്ചു. നിയമ സഹായ സെല്ലിന്റെ ഉദ്ഘാടനം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ കേരള ട്രാൻസ്പോർട്ട് കമ്മീഷണർ ഋഷിരാജ് സിംഗ് ഐ.പി.എസ്. നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് പ്രസിഡന്റ് മോൺ. മാത്യു ഇളപ്പാനിക്കൽ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി ജോഷി ജോൺ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഡോ. പ്രമീള ദേവി ജെ, സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറി ഡോ. എ. ഫിലിപ്പോസ്, കോട്ടയം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ടി. ജെ തോമസ്, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ കെ. സുശീല, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, കെ.എസ്.എസ്.എസ് നിയമസഹായസെൽ ലീഗൽ കൗൺസിലർ അഡ്വ. രാജി പി. ജോയി, പ്രോഗ്രാം കോർഡിനേറ്റർ

സിസ്റ്റർ ലിനറ്റ് ഡി.സി.പി.ബി എന്നിവർ പ്രസംഗിച്ചു.

2005 ലെ ഗാർഹിക പീഢനനിരോധന നിയമമനുസരിച്ച് സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള സൗജന്യ നിയമസഹായവും കൗൺസലിംഗ് സൗകര്യവും സെല്ലിൽ നിന്നും ലഭിക്കും. സാമൂഹ്യ ക്ഷേമ ബോർഡിന്റെ കോട്ടയം ജില്ലയിലെ സ്ത്രീ സുരക്ഷ നിയമസഹായ ദാതാവായിട്ടാണ് കെ.എസ്.എസ്.എസിനെ തെരഞ്ഞെടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലായിരിക്കും നിയമസഹായസെൽ പ്രവർത്തിക്കുക. നിയമസഹായ സെല്ലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ 9846269558 എന്ന നമ്പരിൽ ബന്ധപ്പെടുക.

## കൂട്ടുകൃഷിയുടെ വിജയഗാഥയുമായി മേമ്മുറി കർഷക കൂട്ടായ്മ

കൃഷിയും കാർഷിക സംസ്ക്കാരവും അന്യമായിക്കൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ കൂട്ടായ്മയുടെ കാർഷിക സംസ്കൃതിക്ക് തുടക്കം കുറിച്ച് മാതൃകയാവുകയാണ് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മേമ്മുറി ഗ്രാമത്തിൽ പ്രവർത്തിക്കുന്ന നവജീവൻ പുരുഷ കർഷക കൂട്ടായ്മ. തങ്ങൾ സ്വാശ്രയസംഘ കൂട്ടായ്മയിൽ വിതച്ച നെൽകൃഷിയിൽ നൂറുമേനി വിളവു കൊയ്താണ് ഈ കർഷക സുഹൃത്തുകൾ മാതൃകയാവുന്നത്. മേമ്മുറി ഊരാളവേലി, കണിയാംവേലി എന്നീ പാടശേഖരങ്ങളിലെ 14 ഏക്കർ സ്ഥലത്താണ് ഇവർ ഒന്നുചേർന്ന് നെൽകൃഷി ആരംഭിച്ചതും മികച്ച വിളവ് കൊയ്തതും. ഉമ, പ്രത്യാശ, ഞവര എന്നീ ഇനങ്ങളിൽപ്പെട്ട നെല്ലിനങ്ങളാണ് ഇവർ കൃഷി ചെയ്തത്.

30 പേരടങ്ങുന്ന കർഷക കൂട്ടായ്മയിലെ എട്ട് അംഗങ്ങൾ ചേർന്നാണ് ഈ മാതൃകാകൃഷി സംരംഭം ആരംഭിച്ചത്. മികച്ച വിളവ് നേടിയതും. സംഘത്തിലെ മറ്റ് അംഗങ്ങളുടെ പ്രോത്സാഹനവും തങ്ങളുടെ ഈ ഉദ്യമത്തിന് ഉണ്ടായിരുന്നുവെന്ന് കർഷക കൂട്ടായ്മയിലെ അംഗങ്ങൾ അറിയിച്ചു. വിളവെടുപ്പ് മഹോത്സവത്തിന് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, മേമ്മുറി ഗ്രാമവികസന സമിതി പ്രസിഡന്റ് ജോയി കാളവേലിൽ, കെ.എസ്.എസ്.എസ്. അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, മാഞ്ഞൂർ കൃഷി ഓഫീസ് അസിസ്റ്റന്റ് വി. റ്റി. ബാബു എന്നിവർ നേതൃത്വം നൽകി.

## സ്വാശ്രയസംഘ പ്രവർത്തനങ്ങളിൽ മാതൃകയായി ജീവ സൗഹൃദവേദി

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ എസ്.എച്ച് മൗണ്ട് ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ജീവ സൗഹൃദവേദി സ്വാശ്രയസംഘ പ്രവർത്തനങ്ങളിൽ വേറിട്ട മാതൃകയായിരിക്കുകയാണ്. 2005 ൽ പ്രവർത്തനമാരംഭിച്ച സൗഹൃദവേദിയുടെ നേതൃത്വത്തിൽ ഒട്ടനവധി സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഇത്തരം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ചയായി പൊതുജന ആരോഗ്യം മുന്നിൽക്കണ്ട് ജീവ സൗഹൃദവേദിയുടെ നേതൃത്വത്തിൽ അർദ്ധദിന ആരോഗ്യ അവബോധ സെമിനാർ സംഘടിപ്പിച്ചു. കുമാരനെല്ലൂർ ഹോളി ഫാമിലി എൽ. പി സ്കൂളിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് നിർവ്വഹിച്ചു. ചടങ്ങിൽ എസ്. എച്ച് മൗണ്ട് ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ഷാജി മേക്കര അദ്ധ്യക്ഷത വഹിച്ചു. ജോസഫ് ചെറുകാടൻ, ഷാജി എം. റ്റി, വിമല രാജു, അജീഷ് മോൻ ജോയി എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ 'സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങളും പ്രതിവിധികളും, ദന്തരോഗങ്ങളും പരിഹാര മാർഗ്ഗങ്ങളും' എന്നീ വിഷയങ്ങളിൽ കോട്ടയം മെഡിക്കൽ കോളേജ് ഒബ്സ്ട്രാറ്റിക്സ് & ഗൈനോക്കോളജി വിഭാഗം അസോ. പ്രൊഫ. ഡോ അനിത കെ. ഗോപാലൻ, കെയർ & ക്യൂവർ ക്ലീനിക്ക് ഡയറക്ടർ ഡോ. രാജേന്ദ്രൻ പി.ബി എന്നിവർ ക്ലാസ്സ് നയിച്ചു. സെമിനാറിന്റെ ഭാഗമായി സൗജന്യ കൗൺസിലിംഗ് സൗകര്യവും പച്ചക്കറി തൈ വിതരണവും ക്രമീകരിച്ചിരുന്നു. 175 പേർ പങ്കെടുത്തു.

## ഉപഭോക്തൃ ദിനാചരണം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ഉപഭോക്തൃ ദിനാചരണവും അവബോധ സെമിനാറും സംഘടിപ്പിച്ചു. മാഞ്ഞൂർ ചാമക്കാല സെന്റ് ജോൺസ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മേരി ജോസഫ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ മുഖ്യപ്രഭാഷണം

നടത്തി. ഗ്രേസി ജോസഫ്, ജെസി ബേബി, അഡ്വ. രാജി പി. ജോയി, അജീഷ ഷിബു, ചിന്നമ്മ രാജൻ, ബിന്ദു ബെന്നി എന്നിവർ പ്രസം ഗിച്ചു.

ദിനാചരണത്തോടനുബന്ധിച്ച് "ഉപഭോക്തൃ സംരക്ഷണം സാമൂഹ്യ പുരോഗതിക്ക്" എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിന് കെ.എസ്.എസ്.എസ് നിയമ സഹായ സെൽ ലീഗൽ കൗൺസിലർ അഡ്വ. രാജി പി. ജോയി നേതൃത്വം നൽകി.

## മുയൽ – ആട്- കോഴി വളർത്തൽ പരിശീലനം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസും സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തലയോലപ്പറമ്പ് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററും സംയുക്തമായി മുയൽ - ആട്-കോഴി വളർത്തൽ പരിശീലനം സംഘടിപ്പിച്ചു. മൂന്ന് ദിവസങ്ങളിലായി തെള്ളകം ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ സമാപന സമ്മേളനം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. തലയോലപ്പറമ്പ് എൽ.എം.റ്റി.സി അസി. ഡയറക്ടർ ഡോ. റ്റി.പി വിശ്വനാഥൻ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, വെറ്റിനറി ഡോക്ടർ ജോർജ്ജ് കുര്യൻ, ചൈതന്യ കമ്മ്യൂണിറ്റി കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ലിനറ്റ് ഡി.സി.പി.ബി, ജിജാ ഷാജി എന്നിവർ പ്രസംഗിച്ചു. പരിശീലനങ്ങൾക്ക് മൃഗസംരക്ഷണ വകുപ്പിലെ വിദഗ്ദ്ധർ നേതൃത്വം നൽകി. 159 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## നാളികേര ഉല്പാദക സംഘം – പ്രാഥമിക ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു

കെ.എസ്.എസ്.എസ് നാളികേര വികസന ബോർഡുമായി സഹകരിച്ച് നാളികേര ഉല്പാദക സംഘങ്ങൾ രൂപീകരിക്കുന്നു. ഒരേ പഞ്ചായത്തിൽപ്പെട്ട പത്തിൽ കൂടുതൽ തെങ്ങുകളുള്ള 50 പേർ അടങ്ങുന്ന നാളികേര കർഷകരുടെ കൂട്ടായ്മ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് നാളികേര ഉല്പാദക സംഘങ്ങൾ രൂപീകരക്കുന്നത്. ഇതിനോടകം തന്നെ 7 നാളികേര ഉല്പാദക സംഘങ്ങളുടെ രജിസ്ട്രേഷൻ ജില്ലാ രജിസ്ട്രാർ ഓഫീസിൽ പൂർത്തിയാക്കി. കൂടാതെ 3 സംഘങ്ങളെ നാളികേര വികസന

ബോർഡിന്റെ കീഴിൽ ഉല്പാദക സംഘങ്ങളായി രജിസ്റ്റർ ചെയ്യുകയും ചെയ്തു. മറ്റ് പ്രവർത്തന ഗ്രാമങ്ങളിൽ നാളികേര ഉല്പാദക സംഘരൂപീകരണത്തിന് മുന്നോടിയായി കൂടല്ലൂർ, കട്ടച്ചിറ, പൂഴിക്കോൽ, പറമ്പൻചേരി, അരീക്കര, വാരപ്പെട്ടി എന്നീ ഗ്രാമങ്ങളിൽ പ്രാഥമിക ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. സെമിനാറിനോടനുബന്ധിച്ച് ഉത്പാദക സംഘങ്ങളുടെ വിശദാംശങ്ങൾ, പ്രവർത്തന മേഖലകൾ, ആനുകൂല്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ് നൽകി.

## ജലനിധി പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ

സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ആണ്ടൂരിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, പ്രോജക്ട് കമ്മീഷണർ സച്ചു ശശിധരൻ, പഞ്ചായത്ത് മെമ്പർമാർ, ജലനിധി സ്റ്റാഫ് അംഗങ്ങൾ, സമിതി ഭാരവാഹികൾ, സമിതി അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. കേരള സർക്കാർ ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല പദ്ധതിയായ ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ് മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി ജലസ്രോതസ്സ് ശക്തിപ്പെടുത്തൽ, നീർത്തടവികസന പ്രവർത്തനങ്ങൾ, ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തൽ, ശുചിത്വ പദ്ധതികൾ, ജനപങ്കാളിത്ത ശാക്തീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി 1663 കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി 26 കുടിവെള്ള പദ്ധതികളും 69 മഴവെള്ള സംഭരണികളും നിർമ്മിച്ച് നൽകും.

# ഹൈറേഞ്ച് വാർത്തകൾ

## ഹൈറേഞ്ച് മേഖല സി.ബി.ആർ സംഗമം

സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഹൈ

റേഞ്ച് മേഖലാതല സി.ബി.ആർ സംഗമം സംഘടിപ്പിച്ചു. തെള്ളിത്തോട് സെന്റ് ജോസഫ് യു.പി സ്കൂൾ ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് മെമ്പർ ഷൈനി സജി നിർവ്വഹിച്ചു. ചടങ്ങിൽ കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ അദ്ധ്യക്ഷത വഹിച്ചു. കൊന്നത്തടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റ്റി.പി മൽക്ക മുഖ്യപ്രഭാഷണം നടത്തി. നീതു രാമകൃഷ്ണൻ, സിറിയക് ജോസഫ്, സ്റ്റീഫൻ വി.യു എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് നടത്തിയ സെമിനാറിന് കെ.എസ്.എസ്.എസ് സി.ബി.ആർ കോർഡിനേറ്റർ മേരി ഫിലിപ്പ് നേതൃത്വം നൽകി. സംഗമത്തിൽ 110 പേർ പങ്കെടുത്തു.

**ഹൈറേഞ്ച് മേഖല ഫെഡറേഷൻ മീറ്റിംഗ്**

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തടിയമ്പാട് ഹൈറേഞ്ച് റീജിയണൽ സെന്ററിൽ വച്ച് ഹൈറേഞ്ച് മേഖലാ ഫെഡറേഷൻ മീറ്റിംഗ് സംഘടിപ്പിച്ചു. മീറ്റിംഗിൽ ഹൈറേഞ്ച് മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഹൈറേഞ്ച് ഹരിതസംഗമം പ്ലാനിംഗും ഭാവി പ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തപ്പെട്ടു. മീറ്റിംഗിന് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അസി. സെക്രട്ടറിമാരായ ഫാ. ബിൻസ് ചേത്തലിൽ, ഫാ. ബിബിൻ കണ്ടോത്ത് എന്നിവർ നേതൃത്വം നൽകി. ഫാ. സജി പുത്തൻ പുരയ്ക്കൽ, ഫാ. ജെയിംസ് വടക്കേകണ്ടകരി, ഫാ. ജോസ് കറുകപ്പറമ്പിൽ, ഫാ. ജോബി കണ്ണാലയിൽ, സി. ലിനറ്റ് ഡി.സി.പി.ബി, കോർഡിനേറ്റർ ജാൻസി ജോയി എന്നിവരും സന്നിഹിതരായിരുന്നു.

**കർഷക ദമ്പതി സംഗമം**

കുടുംബശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ കർഷകദമ്പതി സംഗമം സംഘടിപ്പിച്ചു. ബൈസൺവാലി മായൽത്താമാതാ സ്കൂൾ ഹാളിൽ സംഘടിപ്പിച്ച കർഷക ദമ്പതി സംഗമത്തിന്റെ ഉദ്ഘാടനം കുഞ്ചിത്തണ്ണി സെന്റ് മേരീസ് പള്ളി വികാരി ഫാ. വിൻസന്റ് വാളിപ്ലാക്കൽ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ അദ്ധ്യക്ഷത വഹിച്ചു. ബൈസൺവാലി പഞ്ചായത്ത് മെമ്പർ സിനി ബിജു, ബ്രദർ സിബിൻ, സിറിയക് ജോസഫ്, സ്റ്റീഫൻ

വി.യു, സെലിനാ ജോയി എന്നിവർ പ്രസംഗിച്ചു. കർഷക ദമ്പതി സംഗമത്തോടനുബന്ധിച്ച് കുടുംബ മൂല്യങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. സംഗമത്തിൽ വിവിധ മത്സരങ്ങളും കലാപരിപാടികളും നടത്തപ്പെട്ടു.

# സി.ബി.ആർ വാർത്തകൾ

## സി.ബി.ആർ തൊഴിൽ സംഗമം സംഘടിപ്പിച്ചു

സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി വൈകല്യമുള്ളവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന നവചൈതന്യ വികലാംഗ ഫെഡറേഷന്റെ നേതൃത്വത്തിൽ തൊഴിൽ സംഗമം സംഘടിപ്പിച്ചു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളാകാത്ത 18 വയസ്സിന് മുകളിൽ പ്രായമായവർക്കും തൊഴിലുറപ്പ് പദ്ധതിയിൽ ഇതുവരെ ഉൾപ്പെടാത്ത വൈകല്യമുള്ളവരെയും ഉൾപ്പെടുത്തിക്കൊണ്ടാണ് സംഗമം സംഘടിപ്പിച്ചത്. പള്ളം ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ എൻ.എം ഷാജി, മരങ്ങാട്ടുപിള്ളി ഗ്രാമസേവകൻ ബിലാൽ എന്നിവർ തൊഴിലുറപ്പ് പദ്ധതിയിൽ വൈകല്യമുള്ളവരുടെ പ്രധാന്യം അവരുടെ അവകാശങ്ങൾ എന്നീ വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. 55 പേർ സംഗമത്തിൽ പങ്കെടുത്തു.

## ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ്

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി തുടർച്ചയായി നടത്തിവരുന്ന ന്യൂറോളജിക്കൽ ക്യാമ്പ് മാർച്ച് 16-ാം തീയതി ഞായറാഴ്ച ചൈതന്യയിൽ സംഘടിപ്പിച്ചു. ക്യാമ്പിനോടനുബന്ധിച്ച് 20 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ചിത്രരചനാ മത്സരവും സംഘടിപ്പിച്ചു. ക്യാമ്പിന് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം നൽകി. ക്യാമ്പിൽ പങ്കെടുത്തവർക്ക് 17430 രൂപയുടെ സൗജന്യ മരുന്ന് വിതരണവും നടത്തി. 53 പേർ പങ്കെടുത്തു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും സഹായം

വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സി.ബി.ആർ ഗ്രൂപ്പംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും

സഹായം അനുവദിച്ചു. ശിവലക്ഷ്മി പാദുവ, ആര്യ നാടുകുന്ന്, എബിൻ ബേബി കിടങ്ങൂർ, ആശിഷ് സിബി ചേർപ്പുങ്കൽ, ജിഷ്ണു സതീശൻ കിടങ്ങൂർ, ശ്യാം ശശികുമാർ കിടങ്ങൂർ, ആതിര ഷൈജു മരങ്ങാട്ടുപിള്ളി എന്നിവർക്കാണ് സഹായം ലഭിച്ചത്. ഒരോരുത്തർക്കും 10000 രൂപാ വീതമമുള്ള ധനസഹായത്തിനാണ് അംഗീകാരം ലഭിച്ചത്.

### വിദ്യാഭ്യാസ സ്കോളർഷിപ്പ്

കെ.എസ്.എസ്.എസ് സി.ബി.ആർ ഗ്രൂപ്പ് അംഗങ്ങൾക്ക് വിവിധ പഞ്ചായത്തുകളിൽ നിന്നായി വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിച്ചു. ആർപ്പൂക്കര, അതിരമ്പുഴ പഞ്ചായത്തുകളിൽ നിന്നും 18 കുട്ടികൾക്ക് 113500 രൂപയും നീണ്ടൂർ, ഏറ്റുമാനൂർ പഞ്ചായത്തുകളിൽ നിന്നും 14 കുട്ടികൾക്ക് 112350 രൂപയും, കൊണ്ടാട് സി.ബി.ആർ ഗ്രൂപ്പിലെ 4 പേർക്കും ഇടക്കോലി സി.ബി.ആർ ഗ്രൂപ്പിലെ 2 പേർക്കും വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിച്ചു.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
സെക്രട്ടറി, കെ.എസ്.എസ്.എസ്

## മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

### കുടിയേറ്റ കർഷകർക്ക് ആശ്വാസമായി ചങ്ങാതിക്കൂട്ടം പദ്ധതി

മലബാറിലെ കർഷക കുടുംബങ്ങൾക്ക് ഒരു ആശ്വാസത്തിന്റെ കൈതാങ്ങായിട്ടാണ് നാളികേര വികസന ബോർഡിന്റെ ധന സഹായത്തോടുകൂടി മാസ്സ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി. തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കുക, നാളികേര കർഷകരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക, പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി മാസ്സ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി കുടിയേറ്റ കർഷകർക്ക് ഒരു വലിയ ആശ്വാസമായിട്ടുണ്ട്. നാളിതുവരെ മാസ്സ് 1267 കർഷകർക്ക് തെങ്ങുകയറ്റ പരിശീലനം നൽകി കഴിഞ്ഞു. 3550400 രൂപയുടെ തെങ്ങുകയറ്റ മിഷ്യൻ സൗജന്യമായി കർഷകർക്ക്

വിതരണം ചെയ്തു. മുഴുവൻ തെങ്ങിന്റെ ചങ്ങാതിമാർക്കും ഇൻഷൂറൻസ് പരിരക്ഷയും നേടികൊടുത്തു. ആറ് ദിവസം നീണ്ടുനിൽക്കുന്ന പരിശീലനത്തിലൂടെ തെങ്ങുകയറ്റ പരിശീലനം മാത്രമല്ല, ഏതാണ്ട് 12 വിഷയങ്ങളിൽ പരിജ്ഞാനവും നൽകുന്നു. ജൈവകൃഷി രീതി, തെങ്ങിന്റെ വള പ്രയോഗവും രോഗങ്ങളും, വിത്തു തെങ്ങു സംഭരണം, പ്രഥമ ശുശ്രൂഷ, കുടുംബ ബഡ്ജറ്റ്, സോഷ്യൽ ഓഡിറ്റിംഗ്, ആശയ വിനിമയം, സമ്പാദ്യശീലം, നേതൃത്വ ഗുണം, ശുഭാപ്തി വിശ്വാസം ജീവിത വിജയത്തിന് തുടങ്ങിയ ക്ലാസ്സുകൾ തെങ്ങിന്റെ ചങ്ങാതിമാർക്ക് ഒരു പുതിയ ഉണർവും കാർഷിക മേഖലയോടുള്ള ഒരു നൂതന ആഭിമുഖ്യം വളർത്തിയെടുക്കാൻ കാരണമായിട്ടുണ്ട്.

തങ്ങളുടെ അദ്ധ്വാനത്തിലൂടെ ശരാശരി 1000 രൂപ വരെ ദിവസ വരുമാനമുണ്ടാക്കാൻ കഴിയുന്നതായി തെങ്ങിന്റെ ചങ്ങാതിമാർ അറിയിക്കുന്നു.

വളർന്നു വരുന്ന കുട്ടികളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി മാസ്സ് സ്കൂളുകളിലും കോളേജുകളിലും തെങ്ങുകയറ്റ പരിശീലനം നല്കി വരുന്നു. അടുത്ത സാമ്പത്തിക വർഷം 1000 കർഷർക്ക് പരിശീലനം കൊടുക്കാൻ ലക്ഷ്യമിടുന്നു.

## ഗോത്രവർഗ്ഗ കുടുംബങ്ങൾക്കായി സമഗ്ര വികസന പദ്ധതി

ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി മാസ്സിന്റെ നേതൃത്വത്തിൽ സമഗ്ര ഗോത്രവർഗ്ഗ വികസന പദ്ധതി ആരംഭിക്കുന്നു. ദേശിയ കാർഷിക വികസന ബാങ്കിന്റെ ധനസഹായത്തോടുകൂടി മടമ്പം ഫൊറോനയിലെ തിരഞ്ഞെടുത്ത 500 ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് വേണ്ടിയാണ് പദ്ധതി. കൃഷി, ജലസേചനം, ഭൂമി തട്ടുതിരിക്കൽ, കുടിവെള്ളം എത്തിക്കൽ, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, ശുചിത്വ പരിപാലനം, ആടു വളർത്തൽ, പശു വളർത്തൽ, കോഴി വളർത്തൽ, തൊഴിൽ പരിശീലനം, ആരോഗ്യ പരിപാലനം ഗ്രൂപ്പ് ഫോർമേഷൻ തുടങ്ങി വിവിധ വികസന പരിപാടികളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. 2.5 കോടി രൂപയുടെ വികസന പരിപാടികൾ 3 വർഷം കൊണ്ട് പദ്ധതി പ്രദേശത്തു നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം മെയ് മാസം നടക്കുന്നതാണ്.

## വനിതാദിനാഘോഷം

മാസ്സ് ലോകവനിതാ ദിനത്തിന്റെ ഭാഗമായി പ്രവർത്തന മേഖലയിൽ വനിതാദിനം വിപുലമായി ആഘോഷിച്ചു. വിവിധ യൂണിറ്റുകളിലായി സ്ത്രീശാക്തികരണ സെമിനാറും വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു. ശുചികരണ പ്രവർത്തനങ്ങളും വൃദ്ധ സദന സന്ദർശനവും നടത്തി മടമ്പം മേഖലയിൽ വനിതാദിനം ആഘോഷിച്ചു. സ്ത്രീശാക്തികരണ സെമിനാറും മത്സരങ്ങളും ചർച്ചകളും നടത്തി രാജപുരം, പാലക്കാട്, വയനാട് മേഖലകളിൽ വനിതാ ദിനം ആഘോഷിച്ചു. വിവിധ മേഖലകളിൽ നടന്ന പരിപാടികൾക്ക് ആനിമേറ്റേഴ്സ്, ഫെഡറേഷൻ ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി.

## ലീഗൽ ബോധവൽക്കരണ സെമിനാർ

മാസ്സ് സാമൂഹ്യ ക്ഷേമ ബോർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന സൗജന്യ നിയമസഹായ പ്രവർത്തനങ്ങളോടനുബന്ധിച്ച് "ലീഗൽ ബോധവൽക്കരണ സെമിനാർ" മൈക്കിൾ ഗിരി അലക്സ് നഗർ എന്നീ പ്രദേശങ്ങളിൽ നടന്നു. അഡ്വ. രേഖ അഭിലാഷ് ഗാർഹിക പീഢന നിരോധന നിയമമനുസരിച്ച് സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം യു.പി. മേഖല കോർഡിനേറ്റർ ശ്രീമതി ബിന്ദു ജോയി ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## നബാർഡ് നീർത്തട വികസന പദ്ധതി പൂർത്തിയായി

മാസ്സ് നബാർഡിന്റെ ധനസഹായത്തോടെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച മണ്ണ് ജല സംരക്ഷണ പദ്ധതി പൂർത്തിയായി.

നാളിതുവരെ

| | |
|---|---|
| മണ്ണ് കയ്യാല | 190443 $m^3$ |
| ഭൂമി തട്ടുതിരിക്കൽ | 18280 $m^3$ |
| നീർക്കുഴി | 16057 എണ്ണം |
| നടീൽ വസ്തുക്കൾ | 89155 എണ്ണം |
| പൊതുകുളം | 8 |
| നീർച്ചാൽ സംരക്ഷണം | 10630 running meter |

| | |
|---|---|
| കുള നവീകരണം | 10 എണ്ണം |
| ചെക്കു ഡാം | 4 എണ്ണം |
| ജീവനോപാതി | 41800 |

തുടങ്ങി 2.5 കോടി രൂപയുടെ മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി.

## ഭവന പുനരുദ്ധാരണ പദ്ധതി പൂർത്തിയായി

മാസ്സ് കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്ന ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം 30 കുടുംബങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായി ഭവനങ്ങളുടെ ഫ്ളോറിങ്ങ് പ്ലാസ്റ്ററിംങ്ങ്, മുറി കൂട്ടിയെടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് പൂർത്തിയായത്.

## ജീവനോപാധി വായ്പ പദ്ധതി

മാസ്സ് കേരള പിന്നോക്ക വികസന കോർപ്പറേഷന്റെ സഹകരണത്തോടുകൂടി ആരംഭിച്ച ജീവനോപാധി വായ്പ പദ്ധതി പ്രകാരം മടമ്പം മേഖലയിലെ പയ്യാവൂർ ടൗൺ, കണ്ടകശ്ശേരി, ചമതച്ചാൽ, അലക്സ് നഗർ, മടമ്പം എന്നീ പ്രദേശത്തെ വനിതാ ഗ്രൂപ്പ് അംഗങ്ങൾ വിവിധ തരത്തിലുള്ള സ്വയം തൊഴിൽ പദ്ധതി ആരംഭിച്ചു പദ്ധതികൾ വിശദമായി:

| സ്വയം തൊഴിൽ | എണ്ണം |
|---|---|
| 1. പശുവളർത്തൽ | 31 |
| 2. ആട് വളർത്തൽ | 22 |
| 3. പലഹാര യൂണിറ്റ് | 6 |
| 4. കച്ചവടം | 2 |
| 5. തയ്യൽ യൂണിറ്റ് | 2 |
| 6. കൃഷി | 5 |

## സൗജന്യ പലഹാര നിർമ്മാണ പരിശീലനം

ചെറുകിട സംരംഭകത്വ വികസന പരിശീലന പരിപാടികളുടെ ഭാഗമായി നബാർഡിന്റെ ധനസഹായത്തോടുകൂടി മാസ്സ് ചൂള്ളികര ഗ്രാമത്തിൽ 30 കുടുംബിനികൾക്കായി പലഹാര നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. ശ്രീമതി മോളി പത്രോസ് പരിശീലനത്തിന് നേതൃത്വം നല്കി.

## സൗജന്യ കൂൺകൃഷി പരിശീലനം

മാസ്സ് ചെറുകിട സംരംഭകത്വ വികസന പരിപാടിയുടെ ഭാഗമായി നബാർഡിന്റെ ധനസഹായത്തോടുകൂടി മാലക്കല്ലിൽ വച്ച് കൂൺ കൃഷി പരിശീലനം 30 വനിതകൾക്കായി സംഘടിപ്പിച്ചു. ഗൗരി നാരായണൻ പരിശീലനം നല്കി. ആനിമേറ്റർ മേഴ്സി, ഫെഡറേഷൻ ലീഡേഴ്സ് എന്നിവർ നേതൃത്വം നല്കി.

## സൗജന്യ ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം

ഫംഗ്ഷണൽ വൊക്കേഷണൽ ട്രെയ്നിംഗ് ആന്റ് റിസർച്ച് സൊസൈറ്റിയുടെ സഹകരണത്തോടുകൂടി സൗജന്യ ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം രാജപുരം മേഖലയിൽ ആരംഭിച്ചു. വിവിധ ഇടവകകളിൽ നിന്നായി 15 വനിതകൾ പരിശീലനം തുടങ്ങി. പരിശീലനത്തിന് ശ്രീ. ഭാസ്കരൻ, രാജപുരം മേഖല കോർഡിനേറ്റർ എന്നിവർ നേതൃത്വം നല്കി.

## ക്ഷയരോഗ ദിനം ആചരിച്ചു

ക്ഷയരോഗ ദിനാചരണത്തിന്റെ ഭാഗമായി മടമ്പം മേഖലയിലെ പയ്യാവൂർ സെന്റ് ആൻസ് പാരിഷ് ഹാളിൽ വെച്ച് ക്ഷയരോഗ ബോധവല്ക്കരണ സെമിനാറും റാലിയും സംഘടിപ്പിച്ചു. മടമ്പം മേഖലയിലെ 95 സ്വാശ്രയ സംഘാംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു. ചന്ദനകാംപാറ PHC ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ശ്രീനിവാസൻ P.K., ശ്രീ. ഇമ്മാനുവേൽ ജോസഫ് എന്നിവർ സെമിനാർ നയിച്ചു. മാസ്സ് മടമ്പം മേഖല കോർഡിനേറ്റർ ബിന്ദു ജോയി, ആനിമേറ്റർ സുഷാ ബെന്നി എന്നിവർ നേതൃത്വം നല്കി.

## ക്ഷയരോഗദിനം ആചരിച്ചു - രാജപുരം മേഖല

മാസ്സിന്റെ പ്രവർത്തന മേഖലയിൽ സമ്പൂർണ്ണ ക്ഷയരോഗ നിർമ്മാർജ്ജനം ലക്ഷ്യം വെച്ചുകൊണ്ട് മാർച്ച് 24 മാലക്കല്ല് ഇടവകയിൽ ക്ഷയരോഗ ദിനാചരണം സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഭാഗമായി രാജപുരം മേഖലയിലെ 150 വനിതാ സ്വാശ്രയ സംഘാംഗങ്ങൾ, ക്ഷയരോഗ നിർമ്മാർജ്ജനത്തെ ലക്ഷ്യം വച്ചുകൊണ്ട് തങ്ങളാൽ കഴിയുന്ന വിധം പ്രവർത്തിക്കും എന്ന ബോധ്യത്തോടെ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. തുടർന്ന് ക്ഷയരോഗ ബോധവൽക്കരണ സെമിനാറും നടന്നു.

പരിപാടികൾക്ക് മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം യു.പി., ബ്രദർ സിറിയക് ഓട്ടപ്പള്ളി, മേഖല കോർഡിനേറ്റർ, ആനിമേറ്റേഴ്സ്, ഫെഡറേഷൻ ലീഡേഴ്സ് എന്നിവർ നേതൃത്വം നല്കി.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# വചനദർശനം

## ഓശാന ഞായർ

**2014 ഏപ്രിൽ 13** **മത്തായി 21:1 – 17**

"ദൈവമേ ഞങ്ങളെ രക്ഷിക്കണമേ" (ഓശാന) എന്ന പ്രാർത്ഥനാ മന്ത്രണങ്ങളുമായി കുരുത്തോലകൾ കൈകളിലേന്തി മറ്റൊരു വിശുദ്ധവാരത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കുകയായി. ഇനിയുള്ള നാളുകൾ പ്രാർത്ഥനയുടെ പുണ്യപ്പെട്ട നാളുകൾ. നഗരപ്രവേശനം, ദേവാലയ ശുദ്ധീകരണം എന്നീ രണ്ടു സംഭവങ്ങളാണ് ഓശാന ഞായറിന്റെ വായനയ്ക്കായി നൽകപ്പെട്ടിരിക്കുന്നത്. കഴുതപ്പുറത്ത് യാത്ര ചെയ്തു വന്നവന്റെ മുമ്പിൽ മുട്ടുകൾമടക്കി തുണികൾ വിരിച്ച് കൈകൾ കൂപ്പി ഞങ്ങളെ രക്ഷിക്കണമേ എന്ന് ജനം ഒന്നടങ്കം പ്രാർത്ഥിക്കുന്നു. ഒത്തിരി ഏറെ സാമർത്ഥ്യമുള്ള രാജാക്കന്മാരുടെയും പണ്ഡിതരുടേയും പ്രഭുക്കന്മാരുടേയും ഈ ഭൂമിയിൽ ജനം പ്രാർത്ഥിക്കുന്നതും യഥാർത്ഥ രക്ഷ പ്രതീക്ഷിച്ചതും ശാന്തനായി കഴുതയുടെ പുറത്ത് കയറിവരുന്ന യേശുവിൽ നിന്നാണ്. സിംഹാസനത്തിന്റെ അധികാരവും വാളിന്റെ മൂർച്ചയും കുതിരയുടെ വേഗതയും എല്ലാറ്റിനും മാനദണ്ഡമാകുന്ന ഒരു കാലത്ത് ജനം ഇവയെല്ലാം ഉപേക്ഷിച്ച് യേശുവിൽ പ്രത്യാശ വയ്ക്കുന്നതിന്റെ പൊരുൾ എന്ത്? അംഗബലത്തിലും ആൾബലത്തിലും മസിൽപവറിലും കാര്യമില്ല എന്ന തിരിച്ചറിവാണ് ഓശാന ഞായർ തരുന്നത്. 33 വയസുള്ള ഒരു യുവാവിന്റെയും അവന്റെ കഴുതയുടേയും മുമ്പിൽ ലോകം കണ്ടമാനം ചെറുതായി പോകുന്ന ദിനമാണ് ഓശാന ഞായർ. പുതിയ ഒരു ജീവിത ശൈലിയിലേയ്ക്ക് ഓശാന ഞായർ വിരൽ ചൂണ്ടുന്നു. കുതിരയ്ക്കു പകരം കഴുതയും വാളിന് പകരം ഒലിവിൻ ശാഖയും അട്ടഹാസത്തിനു പകരം

സ്തുതി ഗീതങ്ങളും കൊണ്ട് മുഖരിതമായ ജറുസലേം വീഥി നമ്മുടെ ഹൃദയ ഭാവങ്ങളിൽ പുതിയ ശൈലി നിറയ്ക്കട്ടെ. ഇത് എളിയവരുടെ തിരുനാൾ. ജീവിതത്തിൽ തോറ്റ് പോയവരുടെ തിരുനാൾ. അവഗണിക്കപ്പെട്ടവന്റെ തിരുനാൾ. നമുക്ക് ഒന്നു എളിമപ്പെട്ട് പ്രാർത്ഥിക്കാം. “ദാവീദിന്റെ പുത്രാ മാപ്പ്- ഇല്ലാത്ത വലിമ ജീവിത യാത്രയിൽ കാണിച്ചതിന്, മാപ്പ്, മാപ്പ്, മാപ്പ്.”

## ഉയിർപ്പ്

**2014 ഏപ്രിൽ 20** **മത്താ. 28:1 -6**

ക്രൈസ്തവ ജീവിതം ശവക്കല്ലറയിലും മരണത്തിലും അവസാനിക്കുന്നില്ല എന്ന് വിളിച്ചു പറഞ്ഞ് മറ്റൊരു ഈസ്റ്റർ കൂടി വരവായി. ഏവർക്കും ഈസ്റ്റർ ആശംസകൾ.

“പറഞ്ഞതുപോലെ മൂന്നാം ദിനം അവൻ ഉയർത്തെഴുന്നേറ്റു.” മൂന്ന് നാളുകൾക്ക് ശേഷം ഉണങ്ങാത്ത ഒരു മുറിവും ഇല്ല എന്നതാണ് ഈ ദിനത്തിന്റെ സന്ദേശം.

ഒരാൾ മരിച്ചാൽ മൂന്ന് ദിവസം കൂടി ആത്മാവ് അയാളോടൊപ്പം ഉണ്ടാകും എന്നാണ് യഹൂദ വിശ്വാസം. മൂന്ന് ദിനത്തിന് ശേഷം ശരീരം ജീർണ്ണിച്ച് തുടങ്ങും. ഇനി പ്രതീക്ഷയ്ക്ക് വകയില്ല. പക്ഷേ യേശു ലാസറിനെ ഉയർപ്പിച്ചത് മൂന്ന് ദിനങ്ങൾക്ക് ശേഷമല്ലെ. ചുരുക്കത്തിൽ, മനുഷ്യന്റെ പ്രതീക്ഷകൾ തീരുന്നിടത്ത് ദൈവം പ്രവർത്തിച്ച് തുടങ്ങുന്നു.

12-ാം വയസ്സിൽ യേശുവിനെ കാണാതെ പോയപ്പോൾ അവനെ കണ്ടുപിടിച്ചത് മൂന്ന് നാളുകൾക്ക് ശേഷമായിരുന്നു. നഷ്ടപ്പെട്ടുപോയത് കണ്ടെത്താൻ ഈ മൂന്ന് നാളിന്റെ ഇടവേള ആവശ്യമാണ്. ബാലനായ യേശുവിനെ കാണാതെ പോയത് ദേവാലയത്തിൽ വച്ചാണ്. അതുകൊണ്ട് അവർ ദേവാലയത്തിൽ തിരിച്ച് ചെന്ന് അന്വേഷിച്ചു. നഷ്ടപ്പെട്ടുപോയ ഇടങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. മാതാപിതാക്കന്മാർക്ക് മക്കളെ ലഭിക്കുന്നത് വിവാഹ ജീവിതത്തിന്റെ ആദ്യനാളുകളിലെ സ്നേഹത്തിൽനിന്നു പ്രണയത്തിൽ നിന്നും ആണ്. ഇന്ന് ഈ മക്കൾ നഷ്ടപ്പെട്ടവരാണെങ്കിൽ വഴിതെറ്റിയവരാണെങ്കിൽ മാതാപിതാക്കൾ മടങ്ങിപോകുക, ആ പഴയ സ്നേഹത്തിലേയ്ക്ക് പ്രണയത്തിലേയ്ക്ക്.

യോനായുടെ ചരിത്രവും മൂന്നാം ദിനം നടന്ന കാനായിലെ വിവാഹവും മൂന്ന് ദിനം കൊണ്ട് ഞാൻ ഈ ദേവാലയം പുനർനിർമ്മിക്കാം എന്ന ക്രിസ്തുവിന്റെ വചനവും എല്ലാം കൂടി വായിക്കപ്പെടുന്ന ഈ ഈസ്റ്റർ ദിനത്തിൽ അവന്റെ ഉയർപ്പിന് മൂന്നാം ദിനം പുലരിയിൽ തോട്ടത്തിൽ പോയ സ്ത്രീകൾ കണ്ടത് ശൂന്യമായ കല്ലറ. ഏതൊരു നന്മയും മൂന്നു ദിവസത്തെ നിദ്രയ്ക്കു ശേഷം അതിന്റെ വിജയം ആഘോഷിക്കും. പക്ഷേ, ഈ മൂന്ന് ദിനം അതിനായി ക്ഷമയോടെ കാത്തിരിക്കണം. എന്തിനുമുണ്ട് ഈ മൂന്ന് ദിനത്തിന്റെ ഇടവേള.

ഒരു മുക്കുവ വിചാരത്തോടെ അവസാനിപ്പിക്കും- കടലിൽ വച്ച് അപകടം സംഭവിച്ച ഒരാളെ മൂന്നാംനാൾ തിര അയാളുടെ തീരത്തേക്ക് കൊണ്ടുവരും.

## പുതുഞായർ

**യോഹ 20: 19-20**

"എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന വിശ്വാസ പ്രഖ്യാപനവുമായി ഇതാ മറ്റൊരു പുതുഞായർ കൂടി. ഇന്ന് നാം കാണുന്നത് തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ ആഴമാണ്. ഉത്ഥിതൻ പ്രത്യക്ഷപ്പെട്ടപ്പോൾ അവരോടൊപ്പം തോമസ് ഇല്ലായിരുന്നു. പ്രത്യക്ഷപ്പെട്ടതിന്റെ വിവരണം തോമസിനോട് പറഞ്ഞപ്പോൾ തോമസ് വാശിപിടിച്ചു. എന്റെ കണ്ണുകൾകൊണ്ട് കണ്ടാൽ മാത്രമേ ഞാൻ വിശ്വസിക്കൂ എന്ന്. ഇതിന് തോമാശ്ലീഹായ്ക്ക് വ്യക്തമായ കാരണം ഉണ്ടായിരുന്നു. നാളെ ഭൂമിയുടെ അതിർത്തികൾ വരെ പോയി ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കണം. ഇങ്ങനെ പ്രസംഗിക്കുമ്പോൾ ആരെങ്കിലും ചോദിച്ചേക്കാം. "നീ ഈ പറയുന്ന ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്ന് പറയുന്നതിന് എന്താ തെളിവ് . നീ കണ്ടോ ഈ ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ". അപ്പോൾ തോമസിന്റെ ശിരസ് താഴ്ന്ന് പോകരുത്. ശിരസുയർത്തി അഭിമാനത്തോടെ തോമസ് പറയണം- "ഞാൻ കണ്ടു. ഉത്ഥിതനായ ക്രിസ്തുവിനെ ഞാൻ കണ്ടു. അവന്റെ മുറിവുകളിൽ ഞാൻ എന്റെ വിരലുകൾ ഇട്ടു."

അല്ലേലും, നിഴൽപോലെ 3 വർഷം കൂടെ നടന്നവന്റെ ഏറ്റവും ചെറിയ ആഗ്രഹവും അവകാശവുമാണ് ഉത്ഥിതന്റെ ദർശനവും അനുഗ്രഹവും.

തോമാശ്ലീഹായുടെ പിടിവാശിക്ക് മുന്നിൽ തോറ്റുകൊടുക്കുന്ന ഒരു ദൈവത്തിന്റെ ചിത്രം ഇന്നത്തെ സുവിശേഷം വരച്ച് കാട്ടുന്നുണ്ട്. ചില തോൽക്കുന്ന കളികളിൽ മനഃപൂർവ്വം ഏർപ്പെടുക. ചിലർക്ക് മുന്നിൽ അറിഞ്ഞുകൊണ്ട് തോൽക്കുക. പിന്നീട് അവയെല്ലാം ചരിത്രമായി മാറും. ഇന്നത്തെ സുവിശേഷം പോലെ.

**ഫാ. സൈജു പുത്തൻപറമ്പിൽ**

# വാർത്തകൾ

## പാരീഷ് കൗൺസിലിന്റെ പ്രാധാന്യം വളരെ വലുത്: ഫ്രാൻസിസ് മാർപാപ്പ

അജപാലന കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന ഒരു പാസ്റ്ററൽ കൗൺസിലോ സാമ്പത്തിക കാര്യങ്ങൾ നോക്കുന്ന സമിതിയോ ഇല്ലാത്ത ഇടവക ഒരിക്കലും ഒരു നല്ല ഇടവകയാകാനിടയില്ല എന്ന് ഫ്രാൻസിസ് മാർപാപ്പ. ഇടവകയിലെ പാസ്റ്ററൽ (= പാരീഷ്) കൗൺസിലിന്റെ പ്രാധാന്യം വളരെ വലുതാണ്. അല്മായരുടെ വ്യത്യസ്തങ്ങളായ കഴിവുകളും സമർപ്പണവും അംഗീകരിക്കപ്പെടണം. വൈദികമേധാവിത്വം അല്മായരുടെ വളർച്ചയെ മുരടിപ്പിക്കും. ഇറ്റാലിയൻ ടെലിവിഷനിലൂടെ നല്കിയ സന്ദേശത്തിലാണ് മാർപാപ്പാ ഇക്കാര്യങ്ങൾ ഓർമ്മിപ്പിച്ചത്. ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭ വ്യത്യസ്തതകളുടെ ഒരു കൂട്ടായ്മയാണ്. നിത്യവും ജപമാല ചൊല്ലുന്ന ഒരു വൃദ്ധയാണോ അതോ മാർപാപ്പയാണോ സഭയിൽ കൂടുതൽ പ്രധാനപ്പെട്ടത് എന്ന് ആരെങ്കിലും ചോദിച്ചാൽ അതിനുത്തരം തനിക്കറിയില്ലെന്നും മാർപാപ്പാ പറഞ്ഞു.

## ചൈനയിലെ രഹസ്യ സഭാംഗമായിരുന്ന ബിഷപ്പ് ജോസഫ് ഫാൻ അന്തരിച്ചു

ചൈനയിൽ വത്തിക്കാനോടു വിധേയത്വം പുലർത്തുന്ന രഹസ്യസഭയുടെ വക്താവായിരുന്ന ബിഷപ്പ് ജോസഫ് ഫാൻ സ്ലോംഗിയാംഗ് അന്തരിച്ചു. അദ്ദേഹത്തിന് 97 വയസ് പ്രായമായിരുന്നു. മൃതസംസ്കാര ശുശ്രൂഷയിൽ അയ്യായിരത്തിൽ പരം വിശ്വാസികളും ചൈനയിലെ ഗവൺമെന്റ് അംഗീകൃത സഭയിലും രഹസ്യസഭ

യിലും പെടുന്ന എഴുപതോളം വൈദികരും പങ്കെടുത്തു. എന്നാൽ ചൈനയിലെ ഔദ്യോഗിക സഭയുടെ ഭാഗമല്ലാതിരുന്നതിനാൽ ഷംഗ്ഹായ് സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിൽ അദ്ദേഹത്തിന്റെ മൃതസംസ്ക്കാരം നടത്താൻ സർക്കാർ അനുമതി നല്കിയില്ല. രഹസ്യസഭയിലെ മറ്റൊരു ബിഷപ്പായ മോൺ. തദേവൂസ് ഡാക്വിൻ വീട്ടുതടങ്കലിൽ കഴിയുന്നതിനാൽ അദ്ദേഹത്തിന് മൃതസംസ്കാര കർമ്മത്തിൽ പങ്കെടുക്കാനായില്ല. സഹകാർമ്മികരായിരുന്ന വൈദികർ രക്തസാക്ഷിത്വത്തിന്റെ പ്രതീകമായി ചുവന്ന സ്റ്റോൾ ധരിച്ചാണ് തിരുക്കർമ്മങ്ങളിൽ പങ്കെടുത്തത്.

## സഭകൾ ആത്മീയകാര്യങ്ങൾ മാത്രം നോക്കിയാൽ മതിയെന്ന വാദം അംഗീകരിക്കാനാവില്ല – കർദിനാൾ മാർ ആലഞ്ചേരി

മതമേലധ്യക്ഷന്മാർ ആത്മീയകാര്യങ്ങൾ മാത്രം നോക്കിയാൽ മതിയെന്ന ചിലരുടെ വാദം അംഗീകരിക്കാനാവില്ലെന്ന് സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സമൂഹത്തിലെ അനീതിക്കെതിരെ പോരാടാനാണ് യേശു ആഹ്വാനം ചെയ്തത്. സഭയ്ക്ക് രാഷ്ട്രീയമില്ല. എന്നാൽ, രാഷ്ട്രീയമില്ലെന്നു പറയുമ്പോൾ നിഷ്ക്രിയമായിരിക്കുക എന്നല്ല അർത്ഥം. ഭരണകൂടങ്ങൾ യാഥാർത്ഥ്യബോധത്തോടെയും നീതിബോധത്തോടെയും പ്രവർത്തിക്കുന്നില്ലെങ്കിൽ, സമൂഹത്തിന്റെ നന്മ ലക്ഷ്യമാക്കി സഭാമേലധ്യക്ഷന്മാരെടുക്കുന്ന നിലപാടുകൾ സഭയുടെ ശബ്ദമായി മാറും അദ്ദേഹം വ്യക്തമാക്കി.

സമൂഹത്തിൽ സാമൂഹികനീതി ഉറപ്പാക്കാനും തിന്മകൾ ഇല്ലാതാകാനും സഭയിലെ അൽമായ സഹോദരങ്ങൾക്ക് കക്ഷിരാഷ്ട്രീയം അനിവാര്യമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. തലശ്ശേരി അതിരൂപത സംഘടിപ്പിച്ച കുടിയേറ്റ മഹാസംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു കർദിനാൾ മാർ ആലഞ്ചേരി.